# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSAKLM P4/561/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 29/03/2021
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAKLM P4/561/2021 തീയ്യതി: 29/03/2021

## കൊല്ലം ജില്ലയിലെ കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സൈമൺ.കെ | ഡെപ്യൂട്ടിഡയറക്ടർ | 15-03-2021 | 23-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-03-2021 | 23-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ജി.സിന്ധു,ഓഡിറ്റ് ഓഫീസർ(ഹയർഗ്രേഡ്)
ശ്രീ.ശശിജോഷ്.എ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.അമ്പിളി.ജി,സീനിയർഗ്രേഡ് ഓഡിറ്റർ
ശ്രീ.സുബി.എസ്,സീനിയർഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ക്ലീറ്റസ്.ജെ | പ്രസിഡന്റ് | 08-04-2019 | 15-09-2019 |
| ശ്രീമതി.യമുനാഷാഹി | പ്രസിഡന്റ് | 16-09-2019 | 31-03-2020 |
| ശ്രീ ജ്യോതിരാജ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശോഭന.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ.വിഷ്ണു.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 19-11-2019 |
| ഡോ.പ്രഭു.കെ.നമ്പൂതിരി | മെഡിക്കൽഓഫീസർ(പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ.പ്രമോദ്കുമാർ | മെഡിക്കൽഓഫീസർ(ആയുർവേദം) | 01-04-2019 | 31-03-2020 |
| ശ്രീമതി.സുമീമോഹൻ | കൃഷിഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ബിന്ദു.എസ് | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ.ദീപു.റ്റി | വി.ഇ.ഒ | 01-04-2019 | 11-02-2020 |
| ശ്രീമതി.വിദ്യ.കെ.എസ് | വി.ഇ.ഒ | 12-02-2020 | 31-03-2020 |
| ശ്രീമതി.ശ്രീജയ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ഷീബാഫ്രാൻസിസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി.കൃഷ്ണകുമാരിഅമ്മ് | എ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.സുനിൽകുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 20-11-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: G.Sindhu (Audit Officer (HG), On 20-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: G.Sindhu (Audit Officer (HG), On 20-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക-അപാകതകൾ<br>Written By: G.Sindhu (Audit Officer (HG), On 21-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 1-2.1 |
| 4 | വാർഷിക ധനകാര്യ പത്രിക അപാകതകൾ2<br>Written By: G.Sindhu (Audit Officer (HG), On 23-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 1-2.2 |
| 5 | വാർഷികധനകാര്യ പത്രിക അപാകതകൾ 3<br>Written By: G.Sindhu (Audit Officer (HG), On 23-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 1-2.3 |
| 6 | വാർഷികധനകാര്യ പത്രിക അപാകതകൾ-4<br>Written By: G.Sindhu (Audit Officer (HG), On 23-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 1-2.4 |
| 7 | വാർഷികധനകാര്യ പത്രിക അപാകതകൾ-5<br>Written By: G.Sindhu (Audit Officer (HG), On 23-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 1-2.5 |
| 8 | സംയുക്തപ്രോജക്ടിനു ലഭ്യമാകുന്ന തുക പ്രത്യേക ബാങ്ക് അക്കൌണ്ടിൽസൂക്ഷിക്കുന്നില്ല<br>Written By: G.Sindhu (Audit Officer (HG), On 21-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 1-2.6 |
| 9 | ICDS കേന്ദ്ര വിഹിതം തെറ്റായിസംയുക്തപ്രോജക്ടിൽനിന്നു നൽകി-100000/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.<br>Written By: G.Sindhu (Audit Officer (HG), On 21-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 1-2.7 |
| 10 | സാമ്പത്തിക വിശകലനം<br>Written By: G.Sindhu (Audit Officer (HG), On 20-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 1-3 |
| 11 | ഗ്രാന്റ് വിനിയോഗം<br>Written By: G.Sindhu (Audit Officer (HG), On 21-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 1-4 |
| 12 | ലഭ്യമായഗ്രാന്റിൽ 13248184 /- രൂപ ലാപ്സായി<br>Written By: G.Sindhu (Audit Officer (HG), On 21-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 1-4.1 |
| 13 | ഗ്രാന്റ്സ്റ്റേറ്റ്മെന്റ്- വാർഷികകണക്കുകളുമായുള്ള പൊരുത്തക്കേടുകൾ<br>Written By: G.Sindhu (Audit Officer (HG), On 21-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 1-4.2 |
| 14 | വികസനഫണ്ട്(എസ്.സി.പി) -4256625/-രൂപ ലാപ്സായി<br>Written By: G.Sindhu (Audit Officer (HG), On 21-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 1-4.3 |
| 15 | മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്)-1398776/- രൂപ ലാപ്സായി.<br>Written By: G.Sindhu (Audit Officer (HG), On 21-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 1-4.4 |
| 16 | മെയിന്റനൻസ് ഫണ്ട്(റോഡ്)- 2023724/-ലാപ്സായി<br>Written By: G.Sindhu (Audit Officer (HG), On 21-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 1-4.5 |
| 17 | പദ്ധതി അവലോകനം<br>Written By: G.Sindhu (Audit Officer (HG), On 21-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 1-5 |
| 18 | ലൈഫ് ഭവന പദ്ധതി-യഥാർത്ഥ കണക്കുകളും സുലേഖസ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല-6570000/- രൂപയുടെ ചെലവ് സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.<br>Written By: G.Sindhu (Audit Officer (HG), On 21-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 1-5.1 |

| | | |
|---|---|---|
| 19 | തൊഴിലുറപ്പ് പദ്ധതി<br>Written By: G.Sindhu (Audit Officer (HG), On 20-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 1-6 |
| 20 | ക്ഷേമ പദ്ധതികൾ<br>Written By: G.Sindhu (Audit Officer (HG), On 21-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 1-7 |
| 21 | സാമൂഹ്യ സുരക്ഷ പെൻഷൻ സസ്പെൻറ് ചെയ്യുന്നതിന് ഫയൽ തയ്യാറാക്കുന്നില്ല.- അനർഹമായപെൻഷൻ വിതരണത്തിന് സാധ്യത<br>Written By: Subi S (Senior Grade Auditor, On 21-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 1-7.1 |
| 22 | മരണപ്പെട്ട / അർഹത ഇല്ലാതായ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അനർഹമായ കാലയളവിൽ പെൻഷൻ അനുവദിച്ചു -1,01,000/- രൂപയുടെ സർക്കാർ പണം നഷ്ടപ്പെട്ടു.<br>Written By: Subi S (Senior Grade Auditor, On 21-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 1-7.2 |
| 23 | മരണപ്പെട്ട ഗുണഭോക്താക്കൾക്ക് പെൻഷൻ നേരിട്ടു നൽകിയതായി കാണിച്ച് 5000/- രൂപ അപഹരിച്ചു<br>Written By: Subi S (Senior Grade Auditor, On 21-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 1-7.3 |
| 24 | മരണപ്പെട്ട / അർഹത ഇല്ലാതായ ഗുണഭോക്താക്കളുടെ പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് തുക അനുവദിച്ചു -67,600/- രൂപയുടെ തിരിച്ചടവ് ഉറപ്പാക്കണം<br>Written By: Subi S (Senior Grade Auditor, On 21-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 1-7.4 |
| 25 | ക്യാഷ് പരിശോധന<br>Written By: G.Sindhu (Audit Officer (HG), On 23-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 28-03-2021) | 1-8 |
| 26 | അഭ്യന്തരനിയന്ത്രണം<br>Written By: G.Sindhu (Audit Officer (HG), On 22-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 23-03-2021) | 1-9 |
| 27 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: G.Sindhu (Audit Officer (HG), On 21-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 28-03-2021) | 1-10 |
| 28 | അനുവദിക്കാവുന്നതിലും അധികം ആർജ്ജിതാ അവധി പണമാക്കാൻ അനുവദിച്ചു.7,233/- രൂപ തിരികെ പിടിക്കേണ്ടതാണ്<br>Written By: Subi S (Senior Grade Auditor, On 16-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 28-03-2021) | 1-11 |
| 29 | തൊഴിൽ നികുതി അടവ് പിഴപ്പലിശ ഈടാക്കേണ്ടതാണ്<br>Written By: Subi S (Senior Grade Auditor, On 22-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 28-03-2021) | 1-12 |
| 30 | കാഷ്വൽ സ്വീപ്പർക്ക് അധിക വേതനം നൽകി 6336/- രൂപ നിരാകരിക്കുന്നു<br>Written By: Subi S (Senior Grade Auditor, On 16-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 28-03-2021) | 1-13 |
| 31 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Subi S (Senior Grade Auditor, On 22-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 28-03-2021) | 1-14 |
| 32 | ബാലസഭാ പ്രവർത്തനം- വിനിയോഗിക്കാതെ സി.ഡി.എസ് അക്കൌണ്ടിൽ ശേഷിക്കുന്ന തുക തിരിച്ചടയ്ക്കണം.<br>Written By: G.Sindhu (Audit Officer (HG), On 21-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 28-03-2021) | 1-15 |
| 33 | വീട് മെയിന്റനൻസ് പൂർത്തിയാക്കിയിട്ടില്ല<br>Written By: G.Ambili (Senior Grade Auditor, On 22-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 26-03-2021) | 1-16 |
| 34 | ഇലക്ട്രിക് പോസ്റ്റ് ഷിഫ്ടിംഗ്- വിനിയോഗം ലഭ്യമാക്കിയിട്ടില്ല-146012/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: G.Sindhu (Audit Officer (HG), On 21-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 1-17 |
| 35 | വാടക കുടിശ്ശിക ഈടാക്കിയില്ല<br>Written By: Subi S (Senior Grade Auditor, On 22-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 1-18 |
| 36 | ജി.എസ്.ടി. രജിസ്ട്രേഷനില്ലാത്ത അദ്ധ്യാപക-രക്ഷകർത്യ സമിതിക്ക് | 1-19 |

| | | |
|---|---|---|
| | ക്രമരഹിതമായി ജി.എസ്.ടി വിഹിതം നൽകി ,പ്രവൃത്തിയുടെ ചെലവ് രേഖകൾ ഇല്ല .<br>Written By: A.Sasijosh (Audit Officer, On 23-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | |
| 37 | പ്രവൃത്തികളുടെ അളവ് രേഖപ്പെടുത്തലിൽ പിഴവുകൾ - 3,518/- രൂപ നിരാകരിക്കുന്നു.<br>Written By: A.Sasijosh (Audit Officer, On 23-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 1-20 |
| 38 | നിർവഹിച്ചിട്ടില്ലാത്ത പ്രവൃത്തികൾ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി തുക നൽകി<br>Written By: A.Sasijosh (Audit Officer, On 23-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 1-21 |
| 39 | അസ്സസ്സമെന്റ് രജിസ്റ്റർ പ്രകാരമുള്ള കെട്ടിടങ്ങൾ സഞ്ചയയിൽ ഉൾപ്പെട്ടിട്ടില്ല<br>Written By: Subi S (Senior Grade Auditor, On 23-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 1-22 |
| 40 | അനർഹയായ ഗുണഭോക്താവിന് തുക നൽകി<br>Written By: G.Ambili (Senior Grade Auditor, On 23-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 1-23 |
| 41 | മരുന്നും ഉപകരണങ്ങളും ലഭ്യമാക്കിയിട്ടില്ല<br>Written By: G.Ambili (Senior Grade Auditor, On 23-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 1-24 |
| 42 | ജീവനം-(ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ) വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-50000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: G.Ambili (Senior Grade Auditor, On 23-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 1-25 |
| 43 | ലൈഫ് ഭവന പദ്ധതി പണി പൂർത്തിയാക്കിയിട്ടില്ല<br>Written By: G.Ambili (Senior Grade Auditor, On 23-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 1-26 |
| 44 | കുറ്റി കുരുമുളക് -സബ്സിഡി അധികരിച്ചു നൽകി<br>Written By: G.Ambili (Senior Grade Auditor, On 23-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 1-27 |
| 45 | കക്കൂസ് /ശുചിമുറി നിർമ്മാണം ഒന്നാം ഗഡു കൈപ്പറ്റി എങ്കിലും പണി പൂർത്തിയാക്കില്ല.<br>Written By: G.Ambili (Senior Grade Auditor, On 22-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 1-28 |
| 46 | കെട്ടിട നികുതി കുറച്ച് അസ്സസ്സ് ചെയ്തു<br>Written By: Subi S (Senior Grade Auditor, On 23-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 1-29 |
| 47 | ഹോംസ്റ്റേയ്ക്ക് ഗാർഹികാവശ്യത്തിന് ഉള്ള കെട്ടിടത്തിന്റെ നികുതിമാത്രം ഈടാക്കി.<br>Written By: Subi S (Senior Grade Auditor, On 23-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 1-30 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | കുറ്റി കുരുമുളക് കൃഷി സബ്സിഡി അധികരിച്ചു നൽകി<br>Written By: G.Ambili (Senior Grade Auditor, On 23-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 3-1 |
| 2 | അനുവദിക്കാവുന്നതിലും അധികം ആർജ്ജിതാ അവധി പണമാക്കാൻ അനുവദിച്ചു.7,233/- രൂപ തിരികെ പിടിക്കേണ്ടതാണ്<br>Written By: Subi S (Senior Grade Auditor, On 23-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 3-2 |
| 3 | കാഷ്വൽ സ്വീപ്പർക്ക് അധിക വേതനം നൽകി 6336/- രൂപ നിരാകരിക്കുന്നു<br>Written By: Subi S (Senior Grade Auditor, On 23-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 3-3 |
| 4 | നിർവഹിച്ചിട്ടില്ലാത്ത പ്രവൃത്തികൾ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി തുക നൽകി | 3-4 |

| | | |
|---|---|---|
| | Written By: A.Sasijosh (Audit Officer, On 23-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | |
| 5 | പ്രവൃത്തികളുടെ അളവ് രേഖപ്പെടുത്തലിൽ പിഴവുകൾ - 3518/- രൂപ നിരാകരിക്കുന്നു.<br>Written By: A.Sasijosh (Audit Officer, On 23-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 3-5 |
| 6 | അനർഹയായ ഗുണഭോക്താവിന് തുക നൽകി-7500/- രൂപ നിരാകരിക്കുന്നു<br>Written By: G.Ambili (Senior Grade Auditor, On 23-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 23-03-2021) | 3-6 |
| 7 | ജി.എസ്.ടി രജിസ്ട്രേഷനില്ലാത്ത അദ്ധ്യാപക-രക്ഷകർത്ത്യസമിതിയ്ക്ക് ജി.എസ്.ടി വിഹിതം നൽകി-21366/- രൂപ നിരാകരിക്കുന്നു.<br>Written By: G.Sindhu (Audit Officer (HG), On 25-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 3-7 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക<br>Written By: G.Sindhu (Audit Officer (HG), On 21-03-2021)<br>Last Updated By: Simon K (Deputy Director, On 29-03-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: G.Sindhu (Audit Officer (HG), On 21-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: G.Sindhu (Audit Officer (HG), On 21-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: G.Sindhu (Audit Officer (HG), On 21-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: G.Sindhu (Audit Officer (HG), On 21-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: G.Sindhu (Audit Officer (HG), On 21-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: G.Sindhu (Audit Officer (HG), On 21-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: G.Sindhu (Audit Officer (HG), On 21-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: G.Sindhu (Audit Officer (HG), On 21-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: G.Sindhu (Audit Officer (HG), On 21-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്നഓഡിറ്റ്റിപ്പോർട്ടുകളുടെ വിവരം<br>Written By: G.Sindhu (Audit Officer (HG), On 21-03-2021)<br>Last Updated By: G.Sindhu (Audit Officer (HG), On 29-03-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | അനുബന്ധപത്രികകൾ | |

## ഭാഗം -1

1-1 ബജറ്റ്

1.2.2019 തീയതിയിലെ 1ം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 7.3.2020 തീയതിയിലെ 1ം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2020 | 22.5.2020 | - | - |

1-2.1 വാർഷിക ധനകാര്യപത്രിക-അപാകതകൾ

സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച തുകയുടെ നീക്കിയിരിപ്പ് ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് ജോയിന്റ് വെഞ്ചർ അക്കൌണ്ട് ബാലൻസുമായി പൊരുത്തപ്പെടുന്നില്ല

2019-20 വർഷ AFS പ്രകാരം ബാലൻസ് ഷീറ്റ് ബി 9ഷെഡ്യൂളിൽ 3360469/- സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് നീക്കിയിരിപ്പുണ്ട്. എന്നാൽ സംയുക്ത പ്രോജക്ടിന്റെ ട്രഷറി അക്കൌണ്ടിലെ നീക്കിയിരിപ്പ് തുക 2150469/- രൂപയാണ്.

1-2.2 വാർഷിക ധനകാര്യ പത്രിക അപാകതകൾ2

1)കണ്ടലഴക് പദ്ധതിയ്ക്ക് വേണ്ടി ജില്ലാപഞ്ചായത്തിൽ നിക്ഷേപിച്ച 1ലക്ഷം രൂപ തിരികെ വന്നത് 350400501 Refunds Payable-Grants And Funds എന്ന ഹെഡിൽ വരവ് വച്ചു.എന്നാൽ തുകയുടെ പേമെന്റ് ബുക്ക് ചെയ്തത് 280600401 എന്ന ഹെഡിൽ നിന്നുമാണ്. ബാലൻസ് ഷീറ്റ് B9 ഷെഡ്യൂളിൽ 100000/- രൂപ ലയബിലിറ്റിയായി നിലനിൽക്കുന്നു.
2)റസിപ്റ്റ് നം.11901050007/5.7.19 പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവ് വന്ന തുക ഓഡിറ്റ് റിക്കവറി എന്ന ഹെഡിലല്ല വരവായി എടുത്തിട്ടുള്ളത്.

1-2.3 വാർഷികധനകാര്യ പത്രിക അപാകതകൾ 3

ലൈഫ് ജനറൽ (പ്രോജക്ട്നമ്പർ 11/19-20) എന്ന പ്രോജക്ടിനായി വികസന ഫണ്ട് (ജനറൽ ) വിഭാഗത്തിൽ 585129 രൂപയും സംസ്ഥാനാവിഷ്കൃത ഫണ്ട് 12500000 രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ 1000000 രൂപയും ജില്ലാപഞ്ചായത്ത് വിഹിതമിനത്തിൽ 200000 ഉൾപ്പെടെ ആകെ 16085129രൂപാ വകയിരുത്തി. ആയതിൽ നിന്നും വികസന ഫണ്ട്(ജനറൽ ) വിഭാഗത്തിൽ 560000/- രൂപയും സംസ്ഥാനാവിഷ്കൃത ഫണ്ട് 5370000രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ 840000 രൂപയും ജില്ലാപഞ്ചായത്ത് വിഹിതമിനത്തിൽ 1240000 രൂപയും ഉൾപ്പെടെ ആകെ 8010000/-രൂപാ ചെലവായി എന്നാണ് സുലേഖാ സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടുള്ളത്. എന്നാൽ യഥാർത്ഥചെലവ് 11810000/- രൂപയാണ്.

1-2.4 വാർഷികധനകാര്യ പത്രിക അപാകതകൾ-4

പ്രോപ്പർട്ടി ടാക്സ് (ഗാർഹികം) തൻവർഷ കളക്ഷൻ, കുടിശ്ശിക കളക്ഷൻ തുകകൾ യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

1-2.5 വാർഷികധനകാര്യ പത്രിക അപാകതകൾ-5

Distress Relief Fund അക്കൌണ്ടിലെ പണമാക്കാത്ത ചെക്കുകൾ സ്റ്റെയിൽചെക്കായി കണക്കാക്കി വരവിലെടുത്തിട്ടില്ല.

1-2.6 സംയുക്തപ്രോജക്റ്റിനു ലഭ്യമാകുന്ന തുക പ്രത്യേക ബാങ്ക് അക്കൌണ്ടിൽസൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ സംയുക്തപ്രോജക്ടുകൾക്കായി ബ്ലോക്ക്, ജില്ലാപഞ്ചായത്തുകളിൽ നിന്ന് ലഭിക്കുന്ന തുക പൂർണ്ണമായും പ്രത്യക ബാങ്ക് അക്കൌണ്ടിലല്ല സൂക്ഷിക്കുന്നത്. സാമ്പത്തികവർഷാവസാനം സംയുക്തപ്രോജക്ടുകൾക്ക് ലഭ്യമായ തുകയിൽ എ.എഫ്.എസ് പ്രകാരം 3360469/-രൂപ നീക്കിയിരിപ്പുണ്ട്. വിശദവിവരം ചുവടെചേർക്കുന്നു.

| അക്കൌണ്ട് ഹെഡ് | വിവരം | നീക്കിയിരിപ്പ് തുക |
|---|---|---|
| 320700104 | Block Panchayat | 2,00,000/- |
| 320700105 | District Panchayat | 9,60,000/- |
| 320700204 | Block Panchayat | 1090820 |
| 320700205 | District Panchayat | 1109649 |
| ആകെ | | 3360469 |

എന്നാൽ സംയുക്ത പ്രോജക്ടിന്റെ ട്രഷറി അക്കൌണ്ടിലെ നീക്കിയിരിപ്പ് തുക 2150469/-രൂപയാണ്.ഇതിൽ 320700105 എന്ന അക്കൌണ്ട് ഹെഡിലെ നീക്കിയിരിപ്പുതുകയായ 9,60,000/-രൂപയും 320700204 എന്ന അക്കൌണ്ടിലെ നീക്കിയിരിപ്പ് 1090820 രൂപയിൽ 150000/-രൂപയും തനത്ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതാണ്. കൂടാതെ സംയുക്ത പ്രോജക്ടിനായുള്ള ഫണ്ടിൽ നിന്നും തെറ്റായി 100000/- രൂപ അധികം നൽകിയിട്ടുള്ളതുമാണ്.(ഖ.1-2.3 കാണുക) ഇത്തരത്തിൽ തനത്ഫണ്ടിൽ നീക്കിയിരിപ്പായി ശേഷിക്കുന്ന തുക സംയുക്തഫണ്ടിന്റെ അക്കൌണ്ടിലേക്ക് മാറ്റി പ്രോജക്ട്മുഖേനചെലവഴിക്കേണ്ടതും അല്ലാത്തപക്ഷം സംയുക്തഫണ്ടിലെ അക്കൌണ്ടിൽ നീക്കിയിരിപ്പ് ഉൾപ്പെടെ സംയുക്തപ്രോജക്ടിനായി ലഭിച്ച തുകയിൽ ചെലവഴിക്കാതെ ശേഷിക്കുന്ന തുക ജി.ഒ.(പി)നം7/17/Fin.23.1.17 പ്രകാരം സർക്കാരിലേക്ക് തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

<u>1-2.7 ICDS കേന്ദ്ര വിഹിതം തെറ്റായിസംയുക്തപ്രോജക്ടിൽനിന്നു നൽകി-100000/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.</u>

2018-19 വർഷം ലഭിച്ച കേന്ദ്രവിഹിതം 575219/- രൂപ തെറ്റായിസംയുക്ത പ്രോജക്ടുകൾക്കുള്ള ഫണ്ടിൽ ക്രഡിറ്റ് ചെയ്തു. തുടർന്ന് ആയത് ക്രമീകരിക്കുന്നതിനായി 2019-20 വർഷം ചുവടെ ചേർക്കുന്ന പ്രോജക്ടുകൾക്ക് സംയുക്ത പ്രോജക്ടുകൾക്കുള്ള ഫണ്ടിൽ നിന്ന് തുക നൽകി ക്രമീകരിച്ചപ്പോൾ 100000/- രൂപ അധികം നൽകി. വിശദവിവരം ചുവടേ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം-139/19-20 | 40000/- |
| പ്രോജക്ട് നം-96/19-20 | 35000/- |
| പ്രോജക്ട് നം-5/19-20 | 266341/- |
| പ്രോജക്ട് നം-15/19-20 | 333878/- |
| ആകെ | 675219/- |

ഇത്തരത്തിൽ സംയുക്ത പ്രോജക്ടുകളുടെ ഫണ്ടിൽ നിന്നും 100000/- രൂപഅധികം ചെലവുചെയ്തു. ആയത് ക്രമീകരിച്ച് വിവരംഅറിയിക്കേണ്ടതാണ്.

<u>1-3 സാമ്പത്തിക വിശകലനം</u>

| | |
|---|---|
| മുന്നിരിപ്പ് | 88,72,859.44 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,49,81,096.00 |
| ആകെ | 8,38,53,955.44 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,01,29,439.00 |
| നീക്കിയിരിപ്പ് | 1,37,24,516.44 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 185326.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 351010.00 |

1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി | കുടിശ്ശിക തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 12116000 | 12116000 | 10842400 | 1273600 | നീക്കിയിരിപ്പിൽ ഉൾപ്പെട്ട279164/- രൂപ 2019-20 വർഷം മാറാൻകഴിയാതെ ക്യൂബില്ലായതാണ്. |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 11237000 | | 6980375 | 4256625 | നീക്കിയിരിപ്പിൽ ഉൾപ്പെട്ട1281660/- രൂപ 2019-20 വർഷം മാറാൻകഴിയാതെ ക്യൂബില്ലായതാണ്. |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 8013000 | | 3717541 | 4295459 | നീക്കിയിരിപ്പിൽ ഉൾപ്പെട്ട3849881/- രൂപ 2019-20 വർഷം മാറാൻകഴിയാതെ ക്യൂബില്ലായതാണ്. |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 3516000 | | 1492276 | 2023724 | നീക്കിയിരിപ്പിൽ ഉൾപ്പെട്ട160585/- രൂപ 2019-20 വർഷം മാറാൻകഴിയാതെ ക്യൂബില്ലായതാണ്. |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 9261283 | | 7862507 | 1398776 | നീക്കിയിരിപ്പിൽ ഉൾപ്പെട്ട1225339/- രൂപ 2019-20 വർഷം മാറാൻകഴിയാതെ ക്യൂബില്ലായതാണ്. |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്) | | | | | | |
| എൻ.ആർ.ഇ.ജി.എസ് | 12575 | 27112394 | 27124969 | 27119228 | 5741 | |
| ICDS സെൻട്രൽ ഷെയർ | 1142946 | 642076 | 1785022 | 949472 | 835550 | |
| ശുചിത്വമിഷൻ | 0 | 168000 | 168000 | 0 | 168000 | |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| സാക്ഷരത | 1005 | 0 | 1005 | 0 | 1005 | |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| കടിവെള്ളം | 10000 | 0 | 10000 | 0 | 10000 | |
| കേരളോത്സവം | 0 | 20000 | 20000 | 20000 | 0 | |
| ലൈഫ്(സ്റ്റേറ്റ്ഷെയർ) | 0 | 11000000 | 11000000 | 9170000 | 1890000 | |
| വിമുക്തി | 25000 | 0 | 25000 | 25000 | 0 | |
| ശുചിത്വമിഷൻ | 252888 | 0 | 252888 | 0 | 252888 | |

1-4.1 ലഭ്യമായഗ്രാന്റിൽ 13248184 /- രൂപ ലാപ്സായി

| ഗ്രാന്റ് | നീക്കിയിരിപ്പ്/<br>ലാപ്പ്സായതുക |
|---|---|
| വികസനഫണ്ട്(ജനറൽ) | 1273600 |
| വികസനഫണ്ട്(എസ്.സി.പി) | 4256625 |
| ധനകാര്യകമ്മിഷൻഗ്രാന്റ്(Tied) | 4295459 |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 2023724 |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 1398776 |
| ആകെ | 13248184/- |

1-4.2 ഗ്രാന്റ്സ്റ്റേറ്റ്മെന്റ്- വാർഷികകണക്കുകളുമായുള്ള പൊരുത്തക്കേടുകൾ

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരം വികസനഫണ്ട്(ജനറൽ), സെൻട്രൽ സ്പോൺസേർഡ് സ്കീം, സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം എന്നിവയുടെ കണക്കുകൾ യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. പൊരുത്തപ്പെടാത്ത ഇനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

സെൻട്രൽസ്പോൺസേർഡ് സ്കീം

എ) എ.എഫ്. എസ് പ്രകാരമുള്ള വിവരം

| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ<br>(ഇനം തിരിച്ച്) | | | | | |
|---|---|---|---|---|---|
| എൻ.ആർ.ഇ.ജി.എസ് | 12575 | 27112394 | 27124969 | 27119228 | 5741 |
| ICDS സെൻട്രൽ ഷെയർ | 1142946 | 642076 | 1785022 | 949472 | 835550 |
| ശുചിത്വമിഷൻ | 0 | 168000 | 168000 | 0 | 168000 |
| ആകെ | 1155521 | 27922470 | 29077991 | 28068700 | 1009291 |

ബി)ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ | റിമാർക്ക്സ് |
|---|---|---|---|---|---|---|
| ആകെ | | 0 | 0 | 949472 | (-)949472 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഫണ്ടിനം വ്യക്തമാക്കിയിട്ടില്ല. സെക്ടർ തിരിച്ചുള്ള വിവരത്തിൽസേവന മേഖലയിലെ 2 പ്രോജക്ടുകൾക്കാ അനുവദിച്ച തുക 4168000/- രൂപയിൽ 949472/- രൂപ വിനിയോഗിച്ചതായും 3218528/- രൂപ നീക്കിയിരിപ്പുള്ളതായും കാണിച്ചിട്ടുണ്ട്. |

സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം

എ) എ.എഫ്. എസ് പ്രകാരമുള്ള വിവരം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| സാക്ഷരത | 1005 | 0 | 1005 | 0 | 1005 |
| കുടിവെള്ളം | 10000 | 0 | 10000 | 0 | 10000 |
| കേരളോത്സവം | 0 | 20000 | 20000 | 20000 | 0 |
| ലൈഫ്(സ്റ്റേറ്റ്ഷെയർ) | 0 | 11000000 | 11000000 | 9170000 | 1890000 |
| വിമുക്തി | 25000 | 0 | 25000 | 25000 | 0 |
| ശുചിത്വമിഷൻ | 252888 | 0 | 252888 | 0 | 252888 |
| ആകെ | 288893 | 11020000 | 11308893 | 9215000 | 2153893 |

ബി)ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ | റിമാർക്ക്സ് |
|---|---|---|---|---|---|---|
| ആകെ | 0 | 0 | 0 | 0 | 0 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ 6 പ്രോജക്ടുകൾക്കായി അനുവദിച്ച തുക 2665538/- ചെലവഴിക്കാതെ നീക്കിയിരിപ്പ ഉള്ളതായി കാണിച്ചിട്ടുണ്ട്. |

1-4.3 വികസനഫണ്ട്(എസ്.സി.പി) -4256625/-രൂപ ലാപ്സായി

2019-20 വർഷം വികസനഫണ്ട്(എസ്.സി.പി) ഉപയോഗിച്ച് ഉല്പാദന,സേവന പശ്ചാത്തല മേഖലകളിലെ 22 പ്രോജക്ടുകൾ ഏറ്റെടുത്തെങ്കിലും മേൽ മേഖലകളിൽ 6 പ്രോജക്ടുകൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. പശ്ചാത്തലമേഖലയിൽ ഏറ്റെടുത്ത 2 പദ്ധതികളും നടപ്പായിട്ടില്ല. 13429796/-രൂപ അടങ്കൽ നിശ്ചയിച്ച് രൂപീകരിച്ച പദ്ധതികൾ മുഖേന 6980375/- രൂപ മാത്രമാണ് തൻവർഷം വിനിയോഗിക്കാൻ കഴിഞ്ഞത്.ആകെ ലഭിച്ച തുകയിൽ 4256625/-രൂപ വിനിയോഗിക്കാൻ കഴിയാതെ ലാപ്സായി.1281660/- രൂപയുടെ ബില്ലുകൾ നിർദ്ദിഷ്ടസാമ്പത്തികവർഷം സമർപ്പിച്ചത് ക്യൂബില്ലായി. ലഭ്യമാകുന്ന മുഴുവൻ തുകയും യഥാസമയം വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-4.4 മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്)-1398776/- രൂപ ലാപ്സായി.

2019-20 വർഷം മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) ഉപയോഗിച്ച് 13 പ്രോജക്ടുകൾ ഏറ്റെടുത്തതിൽ 4പ്രോജക്ടുകൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.4207426/-രൂപ അടങ്കൽ നിശ്ചയിച്ച് രൂപീകരിച്ച പദ്ധതികൾ മുഖേന 1492276/- രൂപ മാത്രമാണ് തൻവർഷം വിനിയോഗിക്കാൻ കഴിഞ്ഞത്.ആകെ ലഭിച്ച തുകയിൽ 1398776/- രൂപ വിനിയോഗിക്കായി കഴിയാതെ ലാപ്സായി.

1-4.5 മെയിന്റനൻസ് ഫണ്ട്(റോഡ്)- 2023724/-ലാപ്സായി

2019-20 വർഷം മെയിന്റനൻസ് ഫണ്ട്(റോഡ്) ഉപയോഗിച്ച് പശ്ചാത്തല മേഖലയിൽ 29 പ്രോജക്ടുകൾ ഏറ്റെടുത്തതിൽ 16 പ്രോജക്ടുകൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. 9576433/-രൂപ അടങ്കൽ നിശ്ചയിച്ച് രൂപീകരിച്ച പദ്ധതികൾ മുഖേന 3717541/- രൂപ മാത്രമാണ് തൻവർഷം വിനിയോഗിക്കാൻ കഴിഞ്ഞത്.ആകെ ലഭിച്ച തുകയിൽ 2023724/- രൂപ വിനിയോഗിക്കാൻ കഴിയാതെ ലാപ്സായി. 3849881/-രൂപ യുടെ ബില്ലുകൾ 2019-20 വർഷം ക്യൂബില്ലായി .

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 148 | 133642594 | 102 | 54764763 | 0 | 46 | 41 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

(സുലേഖ സ്റ്റേറ്റ്മെന്റിലെ കണക്കുകളിലെ പൊരുത്തക്കേട് 1-5.1 ഖണ്ഡികയിൽ പരാമർശിച്ചിട്ടുണ്ട്. ആയത് കൂടി പരിഗണിച്ചാണ് പദ്ധതിഅവലോകനം തയ്യാറാക്കിയിട്ടുള്ളത്)

1-5.1 ലൈഫ് ഭവന പദ്ധതി-യഥാർത്ഥ കണക്കുകളും സുലേഖസ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല-6570000/- രൂപയുടെ ചെലവ് സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

ലൈഫ് ഭവനപദ്ധതിയ്ക്കായി 19-20 വർഷം ഏറ്റെടുത്ത 11/19-20,143/19-20,144/19-20 എന്നീ മൂന്ന പ്രോജക്ടുകളുടേയും വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകൾ സുലേഖ, സാംഖ്യ എന്നിവയിലെ കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1)ലൈഫ് ജനറൽ (പ്രോജക്ട്നമ്പർ 11/19-20) എന്ന പ്രോജക്ട് 2019-20 സാമ്പത്തികവർഷം നടപ്പാക്കിയെങ്കിലും മേൽ പ്രോജക്ടിന്റെ ചെലവുകണക്കുകളും സുലേഖ, സാംഖ്യ സ്റ്റേറ്റ്മെന്റുകളുമായി പൊരുത്തപ്പെടുന്നില്ല. (വ്യത്യാസം-3800000/-).വിശദവിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കുകൾ | | സാംഖ്യപ്രകാരമുള്ള കണക്കുകൾ യഥാർത്ഥചെലവ് | |
|---|---|---|---|---|
| | വകയിരുത്തൽ | ചെലവ് | വകയിരുത്തൽ | ചെലവ് |
| വികസന ഫണ്ട്(ജനറൽ ) | 585129 രൂപ | 560000/- രൂപ | 585129 രൂപ | 560000/- രൂപ |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 12500000രൂപ | 5370000/-രൂപ | 12500000രൂപ | 9170000/- രൂപ |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1000000 രൂപ | 840000/-രൂപ | 1000000 രൂപ | 840000/-രൂപ |
| ജില്ലാപഞ്ചായത്ത് വിഹിതം | 2000000രൂപ | 1240000/-രൂപ | 2000000രൂപ | 1240000/-രൂപ |
| ആകെ | 16085129/- | 8010000 /-രൂപ | 16085129/- | 11810000 /-രൂപ |

2)ലൈഫ് ജനറൽ (പ്രോജക്ട്നമ്പർ 143/19-20) എന്ന പ്രോജക്ടിൽ 1097895/- രൂപ ബ്ലോക്ക് പഞ്ചായത്ത് ഷെയറും, 11282/- രൂപ ജില്ലാപഞ്ചായത്ത് ഷെയറും 47967823/- രൂപ ഹഡ്കോ ലോണും ഉൾപ്പെടെ ആകെ 49077000/-രൂപ വകയിരുത്തി. ഇതിൽ 1080000/-ബ്ലോക്ക് പഞ്ചായത്ത് ഷെയറും 7810000/-ഹഡ്കോ ലോണും ഉൾപ്പെടെ ആകെ 8890000/-രൂപ ചെലവഴിച്ചു. എന്നാൽ സുലേഖ സ്റ്റേറ്റ്മെന്റിൽ ഹഡ്കോ ലോൺ ചെലവ് 4840000/- രൂപ മാത്രമാണ് കാണിച്ചിട്ടുള്ളത്. ഇപ്രകാരം ആകെ ചെലവ് തെറ്റായി 5920000/-രൂപയായി കാണിച്ചിരിക്കുന്നു.(വ്യത്യാസം-2970000/-)

3)ലൈഫ് SCP(പ്രോജക്ട്നമ്പർ 144/19-20) എന്ന പ്രോജക്ടിൽ 1108686/- രൂപ ബ്ലോക്ക് പഞ്ചായത്ത് ഷെയറും, 1135190/- രൂപ ജില്ലാപഞ്ചായത്ത് ഷെയറും ഉൾപ്പെടെ ആകെ 2243876/-രൂപ വകയിരുത്തി. ഇതിൽ ബ്ലോക്ക് പഞ്ചായത്ത് ഷെയർ ചെലവ് ചെയ്തിട്ടില്ല. ജില്ലാപഞ്ചായത്ത് ഷയർ 40000/- രൂപ മാത്രമാണ് തൻവർഷം ചെലവ് ചെയ്തിട്ടുള്ളത്. എന്നാൽ സുലേഖ സ്റ്റേറ്റ്മെന്റിൽ 200000/- രൂപ ബ്ലോക്ക് പഞ്ചായത്ത് ഷെയറും, 40000/- രൂപ ജില്ലാപഞ്ചായത്ത് ഷെയറും ഉൾപ്പെടെ ആകെ 240000/- രൂപയുടെ ചെലവ് തെറ്റായി കാണിച്ചിരിക്കുന്നു.(വ്യത്യാസം-(-)200000/-)

ഇത്തരത്തിൽ മേൽ മൂന്ന പ്രോജക്ടുകളുടേയും സുലേഖ,സാംഖ്യ കണക്കുകൾ തമ്മിൽ 6570000/- രൂപയുടെ അന്തരം നിലനിൽക്കുന്നു. മേൽ വിഷയം ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല .അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിനം-18/20.3.21

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 12575 | 1067283 | 1079858 | 1074117 | 5741 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 26045111 | 26045111 | 26045111 | Nil |


## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 124080 | 59 |
| കർഷകതൊഴിലാളി പെൻഷൻ | 834000 | 170 |
| വിധവാപെൻഷൻ | 5232600 | 1044 |
| വാർദ്ധക്യകാലപെൻഷൻ | 7619700 | 1556 |
| വികലാംഗപെൻഷൻ | 1818200 | 327 |
| 50 വയസിനുമേൽ പ്രായമായ അവിവാഹിത പെൻഷൻ | 213600 | 30 |

### 1-7.1 സാമൂഹ്യ സുരക്ഷ പെൻഷൻ സസ്പെൻ്റ് ചെയ്യുന്നതിന് ഫയൽ തയ്യാറാക്കുന്നില്ല.- അനർഹമായപെൻഷൻ വിതരണത്തിന് സാധ്യത

സാമൂഹ്യ സുരക്ഷ പെൻഷൻ കിട്ടി കൊണ്ടിരിക്കുന്ന ഗുണഭോക്താക്കൾക്ക് വിവിധ കാരണങ്ങളാൽ അർഹത ഇല്ലാതാകുന്ന ഘട്ടത്തിൽ സേവന സോഫ്റ്റ് വെയർ വഴി സസ്പെൻഷൻ റിക്വസ്റ്റ് നൽകാവുന്നതാണ്. പ്രസ്തുത 'വിൻഡോ'യുടെ ദൃശ്യം ചുവടെ ചേർക്കുന്നു.




റിക്വസ്റ്റ് നൽകുന്ന തീയതി മുതൽ പ്രസ്തുത ഗുണഭോക്താക്കളുടെ പെൻഷൻ റദ്ദ ചെയ്യപ്പെടുന്നതാണ്. പെൻഷണറുടെ മരണം മൂലമോ മറ്റെന്തെങ്കിലും കാരണത്താലോ പെൻഷന് അർഹത ഇല്ലാതാകുന്ന തീയതി മുതൽ പെൻഷൻ സസ്പെൻ്റ് ചെയ്യാനുള്ള സംവിധാനം സേവന സോഫ്റ്റ് വെയറിൽ ഇല്ലാത്തതിനാൽ സസ്പെൻ്റ് ചെയ്യപ്പെട്ട തീയതിക്കും അർഹത ഇല്ലാതായ തീയതിക്കും ഇടയിലുള്ള മാസങ്ങളിലെ പെൻഷൻ വിതരണം ചെയ്തിട്ടുണ്ടാകാൻ സാധ്യതയുണ്ട്. ഇത് സർക്കാരിന് നഷ്ടം വരുത്തുന്നതിനും അനർഹർ പെൻഷൻ തുക വസൂലാക്കുന്നതിനും ഇടയാക്കും. പെൻഷന് അർഹത ഇല്ലാതെയാകുന്ന തീയതി കണ്ടു പിടിക്കുന്നതിന് നിലവിലുള്ള ഏക മാർഗ്ഗം സസ്പെൻഷൻ റിക്വസ്റ്റിനോടൊപ്പം നൽകുന്ന ഫയൽ നമ്പർ പ്രകാരമുള്ള ഫയലാണ്. എന്നാൽ കിഴക്കേകല്ലട ഗ്രാമ പഞ്ചായത്തിൽ അങ്ങനെ ഫയലുകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പെൻഷന് അർഹത ഇല്ലാതാകുന്ന തീയതി കണ്ടെത്താൻ സാധിക്കുന്നില്ല. സേവന സോഫ്റ്റ് വെയറിൽ ഫയൽ നമ്പർ ചേർക്കുകയും അതേ നമ്പരിൽ ഫയലുകൾ ഇല്ലാതിരിക്കുകയും ചെയ്യുന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് കണക്കാക്കുന്നു. ഇതു മൂലം അനർഹമായ പെൻഷൻ വിതരണത്തിന് സാധ്യതയുള്ളതിനാൽ തന്നെ ഓഡിറ്റ് വർഷം പെൻഷൻ സസ്പെൻ്റ് ചെയ്യപ്പെട്ട ഗുണഭോക്താക്കളുടെ ഫയൽ തയ്യാറാക്കേണ്ടതും ആയത് പ്രകാരം അനർഹമായ കാലഘട്ടത്തിൽ പെൻഷൻ വിതരണം ചെയ്തിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്.

**1-7.2 മരണപ്പെട്ട / അർഹത ഇല്ലാതായ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അനർഹമായ കാലയളവിൽ പെൻഷൻ അനുവദിച്ച -1,01,000/- രൂപയുടെ സർക്കാർ പണം നഷ്ടപ്പെട്ടു.**

കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിൽ സാമൂഹ്യപെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറിലും 2019-20 വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചപ്പോൾ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ അനുവദിച്ചതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്തു തുക |
|---|---|---|---|---|---|---|
| 1 | ഇന്ദിര | വിധവ | 103450600817 | 2.1.19 | 2/19 മുതൽ 7/19- വരെ | 7300 |
| 2 | ഗോപാലൻ | കർഷക തൊഴിലാളി | 103450100036 | 30.3.19 | 4/19 മുതൽ 7/19- വരെ | 4900 |
| 3 | ശാന്ത | വിധവ | 10345021471 | 5.3.20 | 4/20മുതൽ 10/20- വരെ | 4200 |
| 4 | ലക്ഷ്മി | കർഷക തൊഴിലാളി | 103450100103 | 4.3.20 | 4/20മുതൽ 2/21- വരെ | 15100 |
| 5 | ശ്രീധരൻ | കർഷക തൊഴിലാളി | 103450100421 | 29.2.20 | 3/20മുതൽ 2/21- വരെ | 16400 |
| 6 | ശശിധരൻ | വാർദ്ധക്യകാലം | 10345021125 | 7.2.20 | 3/20മുതൽ 4/20- വരെ | 2500 |
| 7 | വിക്രമൻ | വാർദ്ധക്യകാലം | 103450201872 | 6.2.20 | 3/20മുതൽ 2/21- വരെ | 16400 |
| 8 | ഏലിയാമ്മ | വിധവ | 10345600063 | 23.4.20 | 5/20മുതൽ 2/21- വരെ | 6000 |
| 9 | ഗ്രിഗറി | വാർദ്ധക്യകാലം | 103450201431 | 10.4.20 | 5/20മുതൽ 2/21- വരെ | 6000 |
| 10 | യേശുദാസൻ | വാർദ്ധക്യകാലം | 103450201348 | 20.12.19 | 1/20മുതൽ 2/21- വരെ | 8400 |
| 11 | ഗോപാലൻ | കർഷകതൊഴിലാളി | 103450100133 | 21.4.20 | 5/20മുതൽ 2/21- വരെ | 13800 |
| | | | | | | 1.01,000 |

2019 വർഷം സർക്കാർ നടപ്പാക്കിയ നിർബന്ധിത മസ്റ്ററിംഗിൽ പങ്കെടുക്കുകയും പിന്നീട് മരണപ്പെട്ടതുമായ ഗുണഭോക്താക്കൾക്ക് നിലവിൽ അവസാനം അനുവദിച്ച ഫെബ്രുവരി 2021 വരെയുള്ള പെൻഷൻ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഈ തുക അനർഹർ പിൻവലിച്ചിട്ടുണ്ടോയെന്ന വിവരം ആരും തന്നെ പരിശോധിച്ചിട്ടില്ല. ഓഡിറ്റ് കണ്ടെത്തിയ ഗുണഭോക്താക്കൾ കിഴക്കേ കല്ലട പഞ്ചായത്തിൽ 19 -20 വർഷം മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവർ മാത്രമാണ്. മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. ആയതിനാൽ ഈ ലിസ്റ്റ് ഭാഗികമാണ്.

ധനകാര്യ വകുപ്പിൻ്റെ 5-11.20 ലെ സർക്കുലർ 67/20 പ്രകാരം ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻ്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ നിലവിൽ അനർഹമായി നൽകിയതായി കണ്ടെത്തിയ 1,01,000/- രൂപ ബാങ്കിൽ നിന്നോ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ് .അല്ലാത്തപക്ഷം സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 1-7.3 മരണപ്പെട്ട ഗുണഭോക്താക്കൾക്ക് പെൻഷൻ നേരിട്ട് നൽകിയതായി കാണിച്ച് 5000/- രൂപ അപഹരിച്ചു

ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ ഗുണഭോക്താവായ ശ്രീമതി.തങ്കമ്മ (പെൻഷൻ ഐ.ഡി.-103450600669) പള്ളിയാടിയിൽ, കൊടുവിള എന്നയാൾ 31. 3. 20 ൽ മരിച്ചു പോയിട്ടുള്ളതാണ്.ടിയാരി ഈസ്റ്റ് കല്ലട തെക്ക് സർവ്വീസ് സഹകരണ ബാങ്ക് - നം.187ൽ നിന്നും നേരിട്ട് പെൻഷൻ വാങ്ങി കൊണ്ടിരുന്നയാളാണ്. ഈ ഗുണഭോക്താവ് മരണപ്പെട്ടതിനാൽ ഡിസംബർ 2019 മുതൽ ജൂൺ 2020 വരെയുള്ള പെൻഷൻ നൽകിയിട്ടില്ല.

എന്നാൽ ജൂലൈ 20, ആഗസ്റ്റ് 20 മാസങ്ങളിലെ പെൻഷൻ 2600/- രൂപ (ഡി.ബി.റ്റി.റഫറൻസ്.202006004) ഗുണഭോക്താവ് കൈപ്പറ്റിയതായി കാണിച്ചിരിക്കുന്നു. തുടർന്നുള്ള മാസങ്ങളിലെ പെൻഷൻ നൽകിയിട്ടുമില്ല. ഡി. ബി.റ്റി.വിവരങ്ങളുടെ വിൻഡോചിത്രം ഇതോടൊപ്പം ചേർക്കുന്നു.

പൊതുവായ വിവരങ്ങൾ

| | | |
|---|---|---|
| പ്രതിമാസ പെൻഷൻ തുക | ₹ 1500 | സിഡിഎസ്-സർവ്വേ |
| അക്കൗണ്ട് മോഡ് | :- ഡയറക്റ്റ് ഹോം | |
| ബാങ്ക്/പോസ്റ്റ് ഓഫീസിന്റെ പേര് | | |
| അക്കൗണ്ട് നമ്പർ [IFSC/eMO Code] | | |
| ആധാർ നമ്പർ/വെർച്വൽ ഐഡി | 267017718359 | |
| ആധാർ ഓതന്റിക്കേഷൻ സ്റ്റാറ്റസ് | :- ഓതന്റിക്കേഷൻ പൂർത്തീകരിച്ചിട്ടില്ല | |
| മസ്റ്ററിംഗ് / ലൈഫ് സർട്ടിഫിക്കറ്റ് സ്റ്റാറ്റസ് | :- ഇ മസ്റ്റർ ചെയ്തിട്ടുണ്ട് (28/11/2019) | |
| പുനർ/വിവാഹിത അല്ല സർട്ടിഫിക്കറ്റ് സ്റ്റാറ്റസ് | :- ബാധകമല്ല | |
| ഇലക്ടൽ കാർഡ് നമ്പർ | :- രേഖപ്പെടുത്തിയിട്ടില്ല | |
| റേഷൻ കാർഡ് നമ്പർ | :- രേഖപ്പെടുത്തിയിട്ടില്ല | |
| മൊബൈൽ നമ്പർ | :- രേഖപ്പെടുത്തിയിട്ടില്ല | |
| പെൻഷൻ വിതരണം തുടങ്ങിയ മാസം | :- Feb-2011 | |
| പ്രാദേശിക സർക്കാർ അവസാനമായി വിതരണം നടത്തിയ മാസം | :- Nov-2014 | |
| സ്റ്റാറ്റസ് | :- ആക്റ്റീവ് - ഫയൽ നടപടി വിവരണം | |
| ഡിജിറ്റൽ സൈൻ സ്റ്റാറ്റസ് | :- ഡിജിറ്റൽ സൈൻ ചെയ്തിട്ടുണ്ട് | Last Updated Date:- 11/04/2016 |

മറ്റുള്ള വിവരങ്ങൾക്ക് ഇവിടെ സെലക്റ്റ് ചെയ്യുക

അറ്റാച്ച്മെന്റ് വിവരങ്ങൾക്ക് ഇവിടെ സെലക്റ്റ് ചെയ്യുക

ഡിബിറ്റി വിതരണം സംബന്ധിച്ച വിവരങ്ങൾക്ക് ഇവിടെ സെലക്റ്റ് ചെയ്യുക

ഡിബിറ്റി വിതരണം സംബന്ധിച്ച വിശദമായ വിവരങ്ങൾക്ക് ഡിബിറ്റി റഫറൻസ് നമ്പറിൽ ക്ലിക്ക് ചെയ്യുക.

| ക്രമ നം | ഡിബിറ്റി റഫറൻസ് നം | വിതരണം നടത്തിയ മാസം | ബാങ്ക്/പോസ്റ്റ് ഓഫീസിന്റെ പേര് | അക്കൗണ്ട് നം [IFSC/eMO Code] | തുക | സ്റ്റാറ്റസ് | ബാങ്ക്/പോസ്റ്റ് ഓഫീസ് റിമാർക്ക് | ബിൽ റിമാർക്ക് | പിഎൻആർ / യൂറ്റിആർ നം |
|---|---|---|---|---|---|---|---|---|---|
| 1 | 201506004 | April-2015 | ഈസ്റ്റ് കല്ലട | 704412 (55870) | 800 | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | Success | | |
| 16 | 201606013 | Oct,Nov,December - 2016 | CANARA BANK | 1024108113893 (CNRB0001024) | 3000 | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | Success | | 6452695197 |
| 17 | 201706001 | Jan-Feb-March-2017 | CANARA BANK | 1024108113893 (CNRB0001024) | 3000 | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | Success | | 7689205686 |
| 18 | 201706002 | April - 2017 | ഡയറക്റ്റ് ഹോം | | 1100 | തുക കൈപ്പറ്റി | Success | | |
| 19 | 201706003 | May,June,July,August - 2017 | ഡയറക്റ്റ് ഹോം | | 4400 | തുക കൈപ്പറ്റി | Success | | |
| 20 | 201706005 | September,October,November - 2017 | ഡയറക്റ്റ് ഹോം | | 3300 | തുക കൈപ്പറ്റി | Success | | |
| 21 | 201806001 | december-2017,january,february,March-2018 | ഡയറക്റ്റ് ഹോം | | 4400 | തുക കൈപ്പറ്റി | Success | | |
| 22 | 201806002 | April,May,June,July-2018 | ഡയറക്റ്റ് ഹോം | | 4400 | തുക കൈപ്പറ്റി | Success | | |
| 23 | 201806006 | August,Sept,October,November-2018 | ഡയറക്റ്റ് ഹോം | | 4400 | തുക കൈപ്പറ്റി | Success | | |
| 24 | 201806007 | Dec-2018,Jan,Feb,Mar,April-2019 | ഡയറക്റ്റ് ഹോം | | 5600 | തുക കൈപ്പറ്റി | Success | | |
| 25 | 201906001 | May,June,July-2019 | ഡയറക്റ്റ് ഹോം | | 3600 | തുക കൈപ്പറ്റി | Success | | |
| 26 | 201906003 | August,September-2019 | ഡയറക്റ്റ് ഹോം | | 2400 | തുക കൈപ്പറ്റി | Success | | |
| 27 | 201906005 | October,November-2019 | ഡയറക്റ്റ് ഹോം | | 2400 | തുക കൈപ്പറ്റി | Success | | |
| 28 | 202006001 | Dec-2019,Jan,feb,March,April-2020 | ഡയറക്റ്റ് ഹോം | | 6100 | തുക കൈമാറാൻ സാധിച്ചിട്ടില്ല | Deceased | | |
| 29 | 202006003 | May,June-2020 | ഡയറക്റ്റ് ഹോം | | 2600 | തുക കൈമാറാൻ സാധിച്ചിട്ടില്ല | Deceased | | |
| 30 | 202006004 | july,August-2020 | ഡയറക്റ്റ് ഹോം | | 2600 | തുക കൈപ്പറ്റി | Success | | |
| 31 | 202006005 | September-2020 | ഡയറക്റ്റ് ഹോം | | 1400 | തുക കൈമാറാൻ സാധിച്ചിട്ടില്ല | Deceased | | |
| 32 | 202006006 | October-2020 | ഡയറക്റ്റ് ഹോം | | 1400 | തുക കൈമാറാൻ സാധിച്ചിട്ടില്ല | Deceased | | |
| 33 | 202006008 | November-2020 | ഡയറക്റ്റ് ഹോം | | 1400 | തുക കൈമാറാൻ സാധിച്ചിട്ടില്ല | Deceased | | |
| 34 | 202006009 | Decenber-2020 | ഡയറക്റ്റ് ഹോം | | 1400 | തുക കൈമാറാൻ സാധിച്ചിട്ടില്ല | Deceased | | |
| 35 | 202006010 | January-2021 | ഡയറക്റ്റ് ഹോം | | 1500 | തുക കൈമാറാൻ സാധിച്ചിട്ടില്ല | Deceased | | |
| 36 | 202006011 | February-2021 | ഡയറക്റ്റ് ഹോം | | 1500 | തുക സഹകരണബാങ്കിന് കൈമാറി | | | |

Sevana Pension - Social Security System, Govt. of Kerala https://welfarepension.lsgkerala.gov.in/DBTPensionersLBSearch.aspx

4 of 5 21/03/2021 21:17

ഇതേപോലെ തന്നെ മറ്റൊരു ഗുണഭോക്താവായ ശ്രീമതി.സെലീന (103450200933) 27.5.18 ൽ മരണമടയുകയും ടിയാരിക്ക് ഏപ്രിൽ 2018 മുതൽ ജൂലൈ 2018 വരെയുള്ള പെൻഷൻ 2400/- രൂപ മരണശേഷം നേരിട്ട് വിതരണം നടത്തുകയും ചെയ്തിരിക്കുന്നു.

ഈ തുകകൾ ലിസിമോൾ എന്ന ഏജൻറാണ് വിതരണം നടത്തിയതായി കാണിച്ചിട്ടുള്ളത്. ഇത് ഒരു പണാപഹരണമായി ഓഡിറ്റ് വിലയിരുത്തുന്നതിനാൽ ഈ വിഷയത്തിൽ പോലിസ് കേസ് നൽകേണ്ടതും, പ്രസ്തുത ബാങ്ക് വഴിയുള്ള പെൻഷൻ വിതരണത്തിൽ വിശദമായ പരിശോധന നടത്തേണ്ടതുമാണ്. കൂടാതെ ഈ വിവരം ഭരണ വകുപ്പ് വഴി സർക്കാർ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

## 1-7.4 മരണപ്പെട്ട / അർഹത ഇല്ലാതായ ഗുണഭോക്താക്കളുടെ പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് തുക അനുവദിച്ചു -67,600/- രൂപയുടെ തിരിച്ചടവ് ഉറപ്പാക്കണം

കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിൽ സാമൂഹ്യപെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറിലും 2019-20 വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചപ്പോൾ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കൾക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് തുക അനുവദിച്ചതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമനമ്പർ | ഗുണഭോക്താവിൻ്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്തു തുക |
|---|---|---|---|---|---|---|
| 1 | മേരി | വിധവ | 103450600384 | 2.1.19 | 2/19 മുതൽ 7/19- വരെ | 5500 |
| 2 | തങ്കമ്മ | വിധവ | 103450600669 | 31.3.20 | 4/20 മുതൽ 2/21- വരെ | 19900 |
| 3 | സിറിൾ | കർഷകതൊഴിലാളി | 103450200396 | 20.2.20 | 3/20മുതൽ 2/20- വരെ | 21100 |
| 4 | കുഞ്ഞമ്മ | കർഷകതൊഴിലാളി | 103450100364 | 17.2.20 | 3/20മുതൽ 2/21- വരെ | 21100 |
| | | | | | | 67,600 |

അനർഹമായ 67,600/- രൂപ പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് അനുവദിച്ചിട്ടുണ്ടെങ്കിലും തുക വിതരണം ചെയ്യാൻ സാധിച്ചിട്ടില്ലെന്ന് ഡി.ബി.റ്റി വിവരങ്ങളിൽ ചേർത്തിട്ടുണ്ട്. അനർഹമായവരെ സഹകരണ ബാങ്കുകൾ യഥാസമയം ഒഴിവാക്കുകയോ ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്തുകളെ അറിയിക്കുകയോ ചെയ്യാത്തതിനാലാണ് ഈ സാഹചര്യം ഉണ്ടായിട്ടുള്ളത്.ഓഡിറ്റിൻ്റെ ശ്രദ്ധയിൽപ്പെട്ട 4 ഗുണഭോക്താക്കൾക്ക് അനുവദിച്ച 67600/- രൂപയുടെ വിവരങ്ങളാണ് മുകളിൽ ചേർത്തിട്ടുള്ളത്.ഈ ലിസ്റ്റ് ഭാഗികമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി പ്രകാരം 2019 -20 വർഷം അനർഹമായതിനാൽ പെൻഷൻതുക വിതരണം ചെയ്യാത്ത ഗുണഭോക്താക്കളുടെ ലിസ്റ്റ് രണ്ട് സഹകരണ ബാങ്കുകളും സമർപ്പിച്ചിട്ടുണ്ട്. ആ ലിസ്റ്റിലുള്ളവർ ഉൾപ്പെടെ പെൻഷൻ നേരിട്ടു വിതരണം നടത്തുന്ന ഗുണഭോക്താക്കളിൽ അനർഹരായി റിപ്പോർട്ട് ചെയ്യപ്പെടുന്ന എല്ലാവരുടെയും പെൻഷൻ സസ്പെൻ്റ് ചെയ്യേണ്ടതാണ്.

ധനകാര്യ വകുപ്പിൻ്റെ 5-11.20 ലെ സർക്കുലർ 67/20 പ്രകാരം ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻ്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ നിലവിൽ അനർഹമായി നൽകിയതായി കണ്ടെത്തിയ 67, 600/- രൂപ സഹകുണ ബാങ്കിൽ നിന്ന് സർക്കാരിലേക്ക് അടവാക്കിയെന്ന് ഉറപ്പാക്കേണ്ടതാണ് .

<u>1-8 ക്യാഷ് പരിശോധന</u>

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15/3/2021 തീയതിയിൽ ഉച്ചയ്ക്ക് 3 മണിക്ക് സ്ഥാപന തലവൻ്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20244/-രൂപയുടെ ക്യാഷ് ബാലൻസിൻ്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

<u>1-9 അഭ്യന്തരനിയന്ത്രണം</u>

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. പേമെൻ്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്യുന്നു.പേമെൻ്റ്

ഓർഡർ ചെക്ക് ഇഷ്യൂചെയ്യുന്ന തീയതിയിൽ ചെയ്യുന്നില്ല. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു. വാങ്ങലുകൾ പർച്ചേസിംഗ്/ പ്രൊക്യൂർമെന്റ് കമ്മിറ്റികളുടെ ചുമതലയിൽ നിർവ്വഹിക്കു ന്നുവെങ്കിലും വാങ്ങലുകളിൽ പലപ്പോഴും ക്രമരഹിത നടപടിക്രമങ്ങൾ സ്വീകരിച്ചുകാണുന്നു. തെരുവുവിളക്കുകളുടെ എണ്ണം, തരം ഇവ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട്. എന്നാൽ മേൽരജിസ്റ്റർ പ്രകാരമുള്ള തെരുവുവിളക്കുകളുടെ എണ്ണം ഗ്രാമപഞ്ചായത്ത് തെരുവുവിളക്ക് മെയിന്റനൻസ് നടത്തുന്ന കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. ആയതിനാൽ തെരുവുവിളക്ക് പരിപാലനത്തിനായി ചെലവഴിക്കുന്ന തുകയ്ക്ക് ആധികാരികത ഇല്ല. ആസ്തിയുടെ പരിശോധന നടത്തി രേഖകളുമായുള്ള പൊരുത്തപ്പെടുത്തൽ ഉറപ്പാക്കുന്നില്ല. റോഡ്കണക്ടിവിറ്റി പ്ലാൻ , സോഷ്യൽമാപ്പ് ഇവ കാലികമല്ല. സാമൂഹ്യസുരക്ഷാപെൻഷൻ വിതരണം സംബന്ധിച്ച് ക്രമരഹിതമായ ധനമിടപാടുകൾ നടന്നുവരുന്നു. പെൻഷനർ മരണപ്പെട്ട ശേഷവും തുക വിതരണം ചെയ്തുകാണുന്നു. ബാങ്ക്മുഖേനയും അക്കൌണ്ടിലൂടെയും ഇത്തരത്തിൽ ക്രമരഹിതമായി പണം നൽകിയതുമുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിക്കൊണ്ടിരിക്കുന്നു. വിവിധ ഫണ്ടുകൾ അക്കൌണ്ട് ചെയ്യുന്നതിലും നടപടിക്രമങ്ങൾ പാലിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഇടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ഗ്രാമപഞ്ചായ ത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തേണ്ടതാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15/02/21 To 17/02/21 | 01/04/2020 To 31/12/2020 | 17/02/2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09/03/2020 To 20/03/2020 | 2014-15 To 2018-19 | 16/05/2021 |

1-11 അനുവദിക്കാവുന്നതിലും അധികം ആർജ്ജിതാ അവധി പണമാക്കാൻ അനുവദിച്ചു.7,233/- രൂപ തിരികെ പിടിക്കേണ്ടതാണ്

പഞ്ചായത്ത് വകുപ്പിലെ ഫുൾ ടൈം കണ്ടിജന്റ് ജീവനക്കാർക്ക് ആർജ്ജി താവധി കണക്കാക്കുന്നത് 15 ദിവസത്തെ ഡ്യൂട്ടിക്ക് ഒന്ന് എന്ന നിലയിലും ഒരു വർഷം പണമാക്കാൻ അനുവദിക്കുന്ന അവധി പരമാവധി 20 എണ്ണവുമാണ് എന്നും 29-2-84 ലെ സർക്കാർ ഉത്തരവ് (എം.എസ്.) 39/84 LA&SWD ൽ സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ജീവനക്കാരുടെ ആർജ്ജിതാവധി സംബന്ധിച്ച് 29-2-84 ലെ ഉത്തരവു തന്നെയാണ് ഇപ്പോഴും നിലനിൽക്കുന്നതെന്ന് പഞ്ചായത്ത് ഡയറക്ടറുടെ 3-8-20 ലെ PAN 5191/20- E9 (DP) 10 സ്പഷ്ടീകരണത്തിലും സൂചിപ്പിച്ചിട്ടുണ്ട്.ആകയാൽ കിഴക്കേകല്ലട ഗ്രാമ പഞ്ചായത്തിലെ ഫുൾ ടൈം സ്വീപ്പറായ ശ്രീ. മീനകുമാർ.എസ്സ് -ന് 1-4-19 പ്രാബല്യത്തിൽ 30 ആർജ്ജിതാവധി പണമാക്കാൻ അനുവദിച്ചത് ക്രമമല്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേര് | ആർജ്ജിതാവധി പണമാക്കാൻ അനുവദിച്ചത് വൗച്ചർ നം.21900002 തീ. 04-4-19 | ആർജ്ജിതാവധി പണമാക്കാൻ അനുവദി ക്കാവുന്നത് | അധികം അനുവദിച്ചത് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ശ്രീ. മീനകുമാർ.എസ്സ് , ഫുൾ ടൈം സ്വീപ്പർ | 21700രൂപ/ 30 ദിവസം | 14467രൂപ /20ദിവസം | 7233 |
| | | | ആകെ | 7,233 |

അധികമായി നൽകിയ തുക പ്രസ്തുത ജീവനക്കാരനിൽ നിന്നും തിരികെ ഈടാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി -2/17.3.21

നിരാകരണം-7,233/-രൂപ

1-12 തൊഴിൽ നികുതി അടവ് പിഴപ്പലിശ ഈടാക്കേണ്ടതാണ്

കിഴക്കേ കല്ലട സർവ്വീസ് സഹകരണ ബാങ്ക്, നം 3748 ( അടച്ച തുക 4 150 രൂപ),ചിറ്റുമല ശ്രീ ദുർഗ്ഗാദേവി ക്ഷേത്രം ( അടച്ച തുക 8750 രൂപ) എന്നീ എക്സ്റ്റാബ്ലിഷ്മെൻ്റുകളിലെ ജീവനക്കാരുടെ 2019-20 വർഷം രണ്ടാം പകുതിയിലെ തൊഴിൽ നികുതി യഥാക്രമം 2-4-2020, 24-4-20 തീയതികളിലാണ് അടവാക്കിയിട്ടുള്ളത്. കേരളപഞ്ചായത്തീരാജ് തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 21 (3)പ്രകാരം രണ്ടാം പകുതിയിലെ തൊഴിൽ നികുതി അടയ്ക്കേണ്ടത് ഫെബ്രുവരി മാസം അവസാന തീയതിയ്ക്കകമാണ്. സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളാകയാൽ തൊഴിൽ നികുതി അടയ്ക്കേണ്ട നിയമപരമായ ഉത്തരവാദിത്തം ഓഫീസ് ചുമതലയുള്ളവർക്കാണ്. നികുതി അടവിന് കാലതാമസം വരുത്തിയതിന് പഞ്ചായത്തീരാജ് ആക്ട് വകുപ്പ് 210 പ്രകാരമുള്ള പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും പിഴഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പിഴ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി - 6/16-3-21

1-13 കാഷ്വൽ സ്വീപ്പർക്ക് അധിക വേതനം നൽകി 6336/- രൂപ നിരാകരിക്കുന്നു

സർക്കാർ ഉത്തരവ് (പി) 61/ 2010 ധന തീയതി 09 - 02 - 2010 ഖണ്ഡിക 5, 6 എന്നിവ പ്രകാരം ഏതു കാരണത്താലും താൽക്കാലികാടിസ്ഥാനത്തിൽ പാർടൈംസ്വീപ്പർമാരെ നിയമിക്കേണ്ടി വരുമ്പോൾ ക്വാഷ്യൽ സ്വീപ്പർമാരെ കുടുംബശ്രീ വഴി റൊട്ടേഷൻ വ്യവസ്ഥയിൽ 179 ദിവസത്തേക്ക് നിയമിക്കണമെന്നും കാഷ്യൽ സ്വീപ്പർക്ക് ബാധകമായ ശമ്പളനിരക്കുകൾ നൽകണമെന്നും സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ കിഴക്കേ കല്ലട ഗ്രാമ പഞ്ചായത്തിൽ പ്രസ്തുത ഉത്തരവിന് വിരുദ്ധമായി നിയമനം നടത്തുകയും അധിക വേതനം ( 2019 -20 വർഷം കാഷ്യൽ സ്വീപ്പറിന് ബാധകമായ ശമ്പളം പ്രതിമാസം 6000/- രൂപ കൺസോളിഡേറ്റഡ് ) നൽകുകയും ചെയ്തിരിക്കുന്നു.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | മാസം | വൗച്ചർ നമ്പർ | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം അനുവദിച്ച തുക . |
|---|---|---|---|---|---|
| 1 | 3/19 | 21900014/8-4-19 | 7371 | 6000 | 1371 |
| 2 | 5/19 | 21900156/3-6-19 | 6825 | 6000 | 825 |
| 3 | 6/19 | 21900226/6-7-19 | 6276 | 6000 | 276 |

| | | | | | |
|---|---|---|---|---|---|
| 4 | 7/19 | 21900317/30-8-19 | 6825 | 6000 | 825 |
| 5 | 8/19 | 21900379/18-9-19 | 6006 | 6000 | 6 |
| 6 | 10/19 | 21900544/3-11-19 | 6006 | 6000 | 6 |
| 7 | 11/19 | 21900642/26-12-19 | 6825 | 6000 | 825 |
| 8 | 12/19 | 21900716/14-1-20 | 6825 | 6000 | 825 |
| 9 | 1/20 | 21900813/7-2-20 | 7098 | 6000 | 1098 |
| 10 | 2/20 | 21900886/5-3-20 | 6279 | 6000 | 279 |
| | | | | ആകെ | 6336 |

അധികമായി അനുവദിച്ച തുക 6336/- രൂപ സെക്രട്ടറിയിൽ നിന്ന് തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി - 4/17-3-2 1

നിരാകരണം - 6336/- രൂപ

1-14 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഓഡിറ്റ് വർഷം കിഴക്കേ കല്ലട സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. 3748 ന്റെ പള്ളിക്കവിള ശാഖയിലെയും ഈസ്റ്റ് കല്ലട സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം 187 ന്റെ കൊട്ടുവിള ശാഖയിലെയും ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഡിമാൻറ് ചെയ്യുകയോ അടവാക്കുകയോ ചെയ്തിട്ടില്ല.

ഡിമാന്റ് ചെയ്ത് നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും നികുതി ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി- 9/18-3-2021

1-15 ബാലസഭാ പ്രവർത്തനം- വിനിയോഗിക്കാതെ സി.ഡി.എസ് അക്കൌണ്ടിൽ ശേഷിക്കുന്ന തുക തിരിച്ചടയ്ക്കണം.

നിർവ്വഹണം.അസി.സെക്രട്ടറി

പ്രോജക്ട് നം-79/20

അടങ്കൽ- വികസനഫണ്ട്(ജനറൽ)-25000/-

ചെലവ് തുക 25000/-(ബിൽനം. 9/15.10.19)

അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടിൽപ്പെടുത്തി 25000/- രൂപ പിൻവലിച്ച് സി.ഡി.എസിന്റെ SBI 57051077482 അക്കൌണ്ടിൽ നിക്ഷേപിച്ചു. സി.ഡി.എസ്-ന്റെ 27.2.2020-ലെ മിനിട്സ്സിൽ ടി തുകയുപയോഗിച്ച് മാർച്ച് 30,31 തീയതികളിൽ അവധികാല കാമ്പയിൻ നടത്താനും, ബോധവൽക്കരണം, നിയമ സഹായ ക്ലാസുകൾ എന്നിവ നടത്താനും തീരുമാനം കൈക്കൊണ്ടുകാണുന്നു. എന്നാൽ നാളിതുവരെ തുക വിനിയോഗിച്ചിട്ടില്ല. ആയതിനാൽ വിനിയോഗിക്കാതെ സി.ഡി.എസിന്റെ അക്കൌണ്ടിൽ ശേഷിക്കുന്ന തുക, 25000/- രൂപ

കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്. ചെലവ് താല്ക്കാലികമായി തടസ്സപ്പെടുത്തുന്നു.

തടസ്സം-25000/-രൂപ

ഓഡിറ്റ് എൻക്വയറിനം-7/17.3.21

1-16 വീട് മെയിന്റനൻസ് പൂർത്തിയാക്കിയിട്ടില്ല

വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിനായി വിഭാവനം ചെയ്ത വീട് മെയിന്റനൻസിന്റെ വിവിധ പ്രോജക്ടുകളിലായി ആനുകൂല്യം കൈപ്പറ്റിയ താഴെ പറയുന്ന വ്യക്തികൾ പണി പൂർത്തിയാക്കി രണ്ടാം ഗഡു കൈപ്പറ്റിയില്ല.

| പ്രോജക്ട് നമ്പർ , പേര് അടങ്കൽ | ഗുണഭോക്താവിന്റെ പേര് | ചെലവു തുക | ബിൽ നമ്പർ | നൽകിയ തുക | ലഭ്യമാക്കിയ മറുപടിയുടെ വിവരം |
|---|---|---|---|---|---|
| 145/19-20വാസയോഗ്യ മല്ലാത്ത വീടുകൾ വാസയോ ഗ്യമാക്കൽ (എസ്.സി.പി) സ്പിൽ ഓവർ,250000/- | ശ്രീ. വിശ്വനാഥൻ , നിരപ്പിൽ വീട് 7ം വാർഡ് | 2,25000/- | 1/19-20 | 25000/- | പണി പൂർത്തീ കരി ച്ചിട്ടില്ല. നോട്ടീസ് അയച്ച് തുടർ നടപടി സ്വീകരിക്കു ന്നതാണ് എന്നറിയിച്ചു. |
| 120/19-20വാസയോ ഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ (എസ്.സി.പി) 252000/- | ശ്രീമതി ഓമന, ശോഭമന്ദിരം, ഓണമ്പലം | 1,11,0000/- | 15-7-20 | 30000/- | ഉടൻപണി പൂർത്തീയാ ക്കുന്നതാണ് എന്നറിയിച്ചു. |

ടിയാളുകൾ പണി പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ 55,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പണിപൂർത്തീകരിക്കാനുള്ള തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ- 19/20-3-2021

തടസ്സപ്പെടുത്തിയ തുക -55000/- രൂപാ

1-17 ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ്- വിനിയോഗം ലഭ്യമാക്കിയിട്ടില്ല-146012/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം-9/20

CFC-145000/-രൂപാ,Ownfund-55000/-രൂപാ

ചെലവ്-145000/-(BillNo-5/27.2.19-67895/-,BillNo-12/24.10.19-53386/-,Bill No.20/10.2.20-23719/-),Own Fund-1012/-(ചെക്ക് നം-25132/31.1.20)

മേൽ പ്രോജക്ടിൽപ്പെടുത്തി ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റ് ചെയ്യുന്നതിനായി കെ.എസ്.ഇ.ബിയുടെ എസ്റ്റിമേറ്റ് പ്രകാരം 146012/- രൂപ നിക്ഷേപിച്ചു. പ്രവൃത്തിയുടെ പൂർത്തീകരണം സംബന്ധിച്ച രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. എസ്റ്റിമേറ്റിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| എസ്റ്റിമേറ്റ് വിവരം | തുക | |
|---|---|---|
| DB/AE/EKA/18-19/39/30.9.18 | 67895/-Shifting HT | Bill No-5/27.2.19-67895/- |
| EK/19-20/Estimate/44/24.9.19 | 53386/-Shifting LT8nos | Bill No-12/24.10.19-53386/- |
| Estimate Dated 25.10.19 | 23719/-Shifting LT PSC Pole 3nos | Bill No-20/10.2.20-23719/- |
| ആകെ | 145000/- | |

എസ്റ്റിമേറ്റിനുപരിയായി തനത്ഫണ്ടിൽ നിന്നും 1012/-രൂപ ചെലവഴിച്ചതിന്റെ അടിസ്ഥാനം വ്യക്തമല്ല. മേൽ വിവരം ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന മറുപടിനൽകി. പ്രവൃത്തിയുടെ പൂർത്തീകരണ രേഖകൾ ഹാജരാക്കും വരെ ചെലവഴിച്ച തുക 146012/- രൂപയുടെ വിനിയോഗം തടസ്സപ്പെടുത്തുന്നു.

തടസ്സം-146012/- രൂപ

ഓഡിറ്റ് എൻക്വയറി നം-8/17.3.21

1-18 വാടക കുടിശ്ശിക ഈടാക്കിയില്ല

പഞ്ചായത്ത് മാർക്കറ്റിലെ സ്റ്റാൾ – 2 വാടകയ്ക്ക് എടുത്തിട്ടുള്ള ശ്രീ.ഷംസുദ്ദീൻ കുഞ്ഞ്., സ്റ്റാൾ - 4 വാടകയ്ക്ക് എടുത്തിട്ടുള്ള ശ്രീ.സജികുമാർ എന്നിവർ ഓഡിറ്റ് വർഷം വാടക ഇനത്തിൽ ഒരു തുകയും അടച്ചിട്ടില്ല. സ്റ്റാൾ - 2 ന് 11988 രൂപയും, സ്റ്റാൾ - 4ന് 9120/- രൂപയും ആണ് അടവാക്കേണ്ടത്. കൂടാതെ സ്റ്റാൾ – 3 വാടക കുടിശ്ശികയായ 2400/- രൂപയും ചേർത്ത് വാടക കുടിശ്ശികയായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത് 23508/- രൂപയാണ്. വാടക കുടിശ്ശിക പിരിക്കാനെടുത്ത നടപടികൾ ബോദ്ധ്യപ്പെടുത്താൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ സ്റ്റാൾ - 4 വാടകയ്ക്ക് എടുത്തിട്ടുള്ള ശ്രീ.സജികുമാർ മുറി ഉപയോഗയോഗ്യമല്ലാത്തതിനാൽ ഒരു ദിവസം പോലും സ്റ്റാൾ തുറക്കാൻ കഴിഞ്ഞില്ലെന്നും ആകയാൽ കരാറിൽ നിന്ന് ഒഴിവാക്കാൻ അപേക്ഷിച്ചിട്ടുണ്ടെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ടിയാൻ അപേക്ഷയിൽ പറയുന്ന കാര്യങ്ങൾഅന്വേഷിച്ച് ബോധ്യപ്പെട്ടാൽ അപേക്ഷ നൽകിയ 14-8-19പ്രാബല്യത്തിൽ കരാർ റദ്ദാക്കേണ്ടതും അതുവരെയുള്ള വാടക ഈടാക്കേണ്ടതുമാണ്. ഇതിനായി ശ്രീ സജികുമാറിൻ്റെ ഡെപ്പോസിറ്റ് തുക കണ്ട് കെട്ടാവുന്നതാണ്. സ്റ്റാൾ 3 -ൻ്റെ വാടക കുടിശ്ശിക തുടർ വർഷം അടച്ചിട്ടുള്ളതിനാൽ സ്റ്റാൾ 2 വാടകയ്ക്ക് എടുത്ത ശ്രീ .ഷംസുദ്ദീൻ കുഞ്ഞിൽ നിന്നും കുടിശ്ശിക തുകയായ 11988/- രൂപ പിഴപ്പലിശ സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി - 12/18-3-2021

1-19 ജി.എസ്.ടി. രജിസ്ട്രേഷനില്ലാത്ത അദ്ധ്യാപക-രക്ഷകർതൃ സമിതിക്ക് ക്രമരഹിതമായി ജി.എസ്.ടി വിഹിതം നൽകി ,പ്രവൃത്തിയുടെ ചെലവ് രേഖകൾ ഇല്ല .

പ്രോജക്ട് നം. - 158/20
പ്രോജക്ടിന്റെപേര് - ഗവ. എൽ .പി. എസിന് മേൽക്കൂര സ്ഥാപിക്കൽ
നിർവഹണ ഉദ്യോഗസ്ഥൻ -അസി.എൻജിനീയർ

അടങ്കൽ - 4 ലക്ഷം
ഫണ്ടിനം - ധനകാര്യ കമ്മീഷൻ ഗ്രാൻറ്
നിർവഹണ രീതി -അംഗീകൃത ഏജൻസി (പി റ്റി.എ).
എഗ്രിമെന്റ് നമ്പർ- ഇ.കെ. ജി. പി | 2 / 19-20 തീ 29.7.19
എഗ്രീഡ് പി.എ.സി -4 ലക്ഷം
സാങ്കേതികാനുമതി നം.-27666/19-20
ആകെ മൂല്യനിർണയം - 2,16, 215/രൂപ ( നിയമാനുസൃത നികുതികൾ ഉൾപ്പെടെ )

എം. ബുക്ക് നം - 2/19- 20

ബിൽ നം / തുക - 1)17/41 തീ.21 .08.19തുക 98000/-

2)22/109 തീ .30.11 .19 തുക 1182 15/ -

കിഴക്കേക്കല്ലട ഗവ .എൽ .പി .എസ്. ഹെഡ്മിസ്ട്രസ് കൺവീനറായി അദ്ധ്യാപക-രക്ഷകർതൃസമിതി മുഖേന അസി.എഞ്ചിനീയർ നിർവഹണം നടത്തിയ ഗവ. എൽ .പി .എസിന് മേൽക്കൂര സ്ഥാപിക്കൽ ( പ്രോ.നം. 158/20) എന്ന പ്രോജക്ടിനായി ജി.എസ്.ടി വിഹിതമായ 42,845/- രൂപ ഉൾപ്പെടെ 4 ലക്ഷം രൂപ അടങ്കൽ നിശ്ചയിക്കുകയും , അളവ് പുസ്തകം 2/19- 20പ്രകാരം193049./- രൂപ ആകെ പ്രവൃത്തി മൂല്യം കണക്കാക്കിയ പ്രസ്തുത പ്രവൃത്തിക്കായി ജി.എസ്.ടി വിഹിതം ഉൾപ്പെടെ ചുവടെ ചേർക്കും പ്രകാരം ബിൽ തയ്യാറാക്കി തുക കൺവീനർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

ആകെ പ്രവൃത്തി മൂല്യം -193049/.

( കൂട്ടുക)

ജി.എസ്.ടി വിഹിതം - 23166/-

ആദായ നികുതി - 1930 / -

കെ ബി & ഒ സി ഡബ്ല്യൂ.ഡബ്ല്യ എഫ് - 1930/-

ആകെ -2,16, 215/

(കുറയ്ക്കുക )

മൊബലൈസേഷൻ അഡ്വാൻസ് - 98,000 /-

ഫൈനൽ ബിൽ തുക -118215/.

ഫൈനൽ ബില്ലിൽ നിന്നും കുറവ് ചെയ്ത തുക - 1930/- (കെ ബി & ഒ സി ഡബ്ല്യൂ.ഡബ്ല്യ എഫ് )

കൺവീനർക്ക് നൽകിയ തുക _114355/-

മേൽ സൂചന പ്രവൃത്തിയുടെ കൺവീനർക്ക് GST രജിസ്ട്രേഷൻ ഇല്ലായെന്ന് 11.9.19 ലെ 36/19-20 നമ്പർ കത്ത് പ്രകാരം കൺവീനർ അറിയിച്ചിരിക്കേ ജി.എസ്.ടി പ്രൊവിഷൻ ഇനത്തിൽ 21,366 / - രൂപ കൺവീനർക്ക് നൽകി. ആയതിൽ നിന്നും 2 % തുക TDS ആയി ഈടാക്കിയിട്ടില്ല. പ്രസ്തുത പ്രവൃത്തിക്ക് GST ഒടുക്കിയതായി വ്യക്തമാക്കുന്ന രേഖകളില്ല.

ഗുണഭോക്തൃസമിതി എന്ന നിലയിൽ കരാറിൽ ഏർപ്പെടുകയും 98,000 /- രൂപ മൊബിലൈസേഷൻ അഡ്വാൻസ് നൽകുകയും ചെയ്ത പ്രവൃത്തി സംബന്ധമായി ആകെ147351/- രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

മേൽ സൂചന അപാകതകൾ സംബന്ധമായി രേഖാമൂലമുള്ള വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അംഗീകൃത ഏജൻസിയായ അദ്ധ്യാപക-രക്ഷകർതൃസമിതി മുഖേനയാണ് പദ്ധതി നടപ്പിലാക്കിയതെന്നും സംസ്ഥാന ധനവകുപ്പിന്റെ 1 .03 .19 ലെ 18/19/ധന. സർക്കുലറിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ GST ഒഴിവാക്കി വേണം ബേസ് എസ്റ്റിമേറ്റ് എടുക്കേണ്ടതെന്നും അപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിനോട് GST കൂടി ചേർത്തു വേണം ബില്ലിംഗ് നടത്തേണ്ടതെന്നും വ്യക്തമാക്കി യിട്ടുണ്ടെന്നും ഈ ഉത്തരവ് പ്രകാരമാണ് ബില്ലിംഗ് നടത്തിയതെന്നും കൂടാതെ സെൻട്രൽ ബോർഡ് ഓഫ് എക്സൈസ് ആൻറ് കസ്റ്റംസിന്റെ 15.11.17 -ലെ നോട്ടിഫിക്കേഷൻ നം. 65/17 ൽ ആനുവൽ ടേൺ ഓവർ 20 ലക്ഷത്തിന് മേൽ ഉള്ളവർക്ക് മാത്രം GST രജിസ്ട്രേഷൻ മതിയെന്ന് നിഷ്കർഷിച്ചിരിക്കുന്നുവെന്നും മാത്രമല്ല ബന്ധപ്പെട്ട സ്കൂളിലെ പ്രഥമാദ്ധ്യാപിക GST രജിസ്ട്രേഷൻ ആവശ്യമില്ല എന്ന് രേഖാമൂലം അറിയിച്ചിട്ടുള്ളതാണെന്നും ഇക്കാരണത്താൽ തന്നെ TDS ബില്ലിൽ നിന്നും കുറവ് ചെയ്യാനും നിർവാഹമില്ലായെന്നും പ്രസ്തുത പദ്ധതി സംബന്ധിച്ച എല്ലാ രേഖകളും ബില്ലുകളും PTA മിനിട്ട്സിന്റെ പകർപ്പ് സഹിതം പ്രോജക്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നുമാണ് മറുപടി നൽകിയിരിക്കുന്നത്. പ്രസ്തുത മറുപടി വസ്തുതാപരമല്ല. പ്രവൃത്തി ഏറ്റെടുക്കുന്ന എല്ലാവർക്കും സാധുവായ ഒരു GST രജിസ്ട്രേഷൻ ഉണ്ടായിരിക്കണമെന്നും അപ്രകാരമുള്ള ബിഡ്ഡർമാർ മുഖേനയുള്ള പ്രവൃത്തികളുടെ ബിൽ തയ്യാറാക്കുമ്പോൾ കരാർ നിരക്ക് പ്രകാരമുള്ള പ്രവൃത്തി

മൂല്യത്തോടൊപ്പം ബാധകമായ GST നിരക്ക് കൂടി നൽകണമെന്നും 1.03.19 ലെ 18/19/ധന സർക്കുലറിൽ വ്യക്തമാക്കിയിരിക്കെ ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്തതിനാൽ തന്നെ GST ഒടുക്കുവാൻ ബാദ്ധ്യതയില്ലാത്തതും കഴിയാത്തതുമായ PTA യ്ക്ക് ജി. എസ് .ടി വിഹിതം നൽകിയ നടപടി നിയമവിരുദ്ധമാണ്.

ക്രമരഹിതമായി ജി എസ് ടി വിഹിതമിനത്തിൽ നൽകിയ 21366/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

അംഗീകൃത ഏജൻസികളെ പൊതുമരാമത്ത് പണികൾ ഏല്പിക്കുമ്പോൾ ഗുണഭോക്തൃ സമിതികൾക്ക് ബാധകമായ എല്ലാ നിബന്ധനകളും ബാധകമാണെന്നും വരവുചെലവു കണക്കുകൾ, സാധന സാമഗ്രികൾ വാങ്ങിയതിന്റെയും ഉപയോഗിച്ചതിന്റെയും കണക്കുകൾ ,തൊഴിലാളികളെ പണിയെടുപ്പിച്ചതിന്റെ മസ്റ്റർ റോൾ എന്നിവ പ്രത്യേകമായി എഴുതി സൂക്ഷിക്കുകയും പ്രവൃത്തി പൂർത്തീകരിച്ച കഴിഞ്ഞാൽ നിർവഹണോദ്യോഗസ്ഥന് സമർപ്പിക്കുകയും വേണമെന്ന് 30.03.13 ലെ സ.ഉ.(എം.എസ്) നം.133/13/തസ്വഭവ നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിരിക്കെ ആകെ 1,93,049 / - രൂപ പ്രവൃത്തി മൂല്യം കണക്കാക്കിയ പ്രവൃത്തി സംബന്ധമായി 1,47,531/- രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയ ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.മതിയായ ചെലവു രേഖകളുടെ അഭാവത്തിൽ 45,698/ - രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പ്രസ്തുത ചെലവിനെ സാധൂകരിക്കുന്ന രേഖകൾ അംഗീകൃത സമിതിയുടെ എക്സി.കമ്മിറ്റി അംഗീകരിച്ച് നിർവഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി ഒഡിറ്റിന് ഹാജരാക്കി തടസം തീർപ്പാക്കേണ്ടതാണ്.

തടസ്സം- 45,698/ - രൂപ

ഓഡിറ്റ് എൻക്വയറിനം-11/18.3.21

1-20 പ്രവൃത്തികളുടെ അളവ് രേഖപ്പെടുത്തലിൽ പിഴവുകൾ - 3,518/- രൂപ നിരാകരിക്കുന്നു.

പ്രോജക്ട് നം. 57/19-20

പ്രോജക്ടിന്റെ പേര് - ഉപ്പൂട് MM HS -PHC സബ് സെന്റർ റോഡ്.

അടങ്കൽ തുക - 4, 15,000/-

ഫണ്ടിനം - ധനകാര്യ കമ്മീഷൻ ഗ്രാൻറ്

നിർവഹണ രീതി - ടെണ്ടർ

കരാറുകാരൻ - ശ്രീ. പ്രവീൺ ബി.

എ .എസ്.നം - 3/3 തീ 3 .7.19

ടി.എസ്.നം - 38487/19-20

എഗ്രീഡ് പി.എ.സി - 369745/ -

എഗ്രിമെന്റ് നം. - ഇ കെ.ജി.പി /20/19 -20തീ .23. 10.19

എം ബുക്ക് നം - 6/19-20

ആകെ പ്രവൃത്തി മൂല്യം -4, 14 ,041/- (44,361 / - രൂപ GST ഉൾപ്പെടെ)

ബിൽ നം. / തുക.-26/120/ 14. 11. 19 4 -14 ,041 / - രൂപ

അസി. എഞ്ചിനീയർ നിർവഹണം നടത്തിയ ഉപ്പൂട് MMHS -PHC സബ് സെൻറർ എന്ന പ്രവൃത്തിക്ക് ആകെ പ്രവൃത്തി മൂല്യമായി 3,70,050 /- രൂപ നിർണയിച്ച് .1% ടെണ്ടർ കിഴിവ് കുറച്ച് ചുവടെ ചേർക്കും പ്രകാരം ബിൽ തയ്യാറാക്കി 3 ,97,481/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്.

ആകെ പ്രവൃത്തി മൂല്യം -3,70,050/-

(കുറയ്ക്കുക)

ടെണ്ടർ കിഴിവ് 0. 1 % - 370

(കൂട്ടുക)

GST 12% - 44,361 / -

ആകെ - 4,14,041

(കുറയ്ക്കുക )
ആദായ നികുതി 1% - 4140 / -
കെ ബി & ഒ സി ഡബ്ല്യൂ ഡബ്ല്യൂ എഫ് 1% - 4,140
GST TDS 2 % - 8,280/-
കരാറുകാരന് നൽകിയ തുക - 397481/-

എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ ഇനം 3 ആയി ഉൾപ്പെടുത്തിയിരിക്കുന്ന Construction Of Plain Cement Concrete Pavement......എന്ന പ്രവൃത്തി , അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി യിരിക്കുന്ന അളവിൽ നിർവഹിച്ചിട്ടില്ലായെന്ന് 22.03.21ൽ ഓഡിറ്റ് ടീം അസി.എഞ്ചിനീയർ- ക്കൊപ്പം നടത്തിയ സ്ഥലപരിശോധനയിൽ വ്യക്തമാവുന്നു.
ഇനം 3 അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ അളവുകൾ
പാർട് II -1x30.00x3.00x.15=13.5

1x23.00x3.00x.15 =10.788
പാർട്ട് 1-1x19.00(3.00+3.10)\2x.15=8.693

1X19.6X(3.10+3.00)\2x.15=8.967
Repairing Area-1x3.20x2.10x.05=.336

1x1.30x1.8x.05=.117

1x5.5x.7x.05=.193

1x12.5x3.00x.05=1.875

1x3.5x.5x.05=.088

1x7.00x.6x.05=0.210

ആകെ 44.767 M3
കണക്കാക്കിയ തുക 44.767 M3 @ 8079/M3 - 3,61,690 .05/-

സ്ഥലപരിശോധനയിൽ വ്യക്തമായ അളവുകൾ
പാർട് II -1x30.00x3.00x.15=13.5

1x23.2x3.10x.15 =10.788
പാർട്ട് 1-1x19.00(3.00+3.10)\2x.15=8.693

1X19.6X(3.10+3.00)\2x.15=8.967
Repairing Area-1x2.50x1.90x.05=.2375

1x1.10x2.00x.05=.11

1x10.7x3.00x.05=1.605

1x4.8x.7x.05=.168

1x3.5x.5x.05=.088

1x7.00x.6x.05=0.210

ആകെ 44.364 M3
കണക്കാക്കാവുന്ന തുക – 44.364 M3 @8079/M3 - 3,58,417/-
യഥാർത്ഥത്തിൽ കണക്കാവുന്ന പ്രവൃത്തി മൂല്യം =3,66,777/

(370050-361690+358417)
(കുറയ്ക്കുക )
ടെണ്ടർ കിഴിവ് - 367

പ്രവൃത്തി മൂല്യം - 366410/-

GST വിഹിതം 12% - 43969 / -

ആകെ - 410379/-

( കുറയ്ക്കുക )

ആദായ നികുതി - 1 % - 4104 / -

കെ ബി & ഒ സി ഡബ്ല്യൂ ഡബ്ല്യൂ എഫ് 1% - 4104/-

GST TDS 2 % - 8208/ -

കരാറുകാരന് നൽകാവുന്ന തുക -393963/-രൂപ

കരാറുകാരന് നൽകിയ തുക -397481/-രൂപ

അധികമായി നൽകിയ തുക – 3518/-രൂപ

അധികമായി നൽകിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു.തുക തിരികെ ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

നിരാകരണം-3,518/-രൂപ

ഓഡിറ്റ് എൻക്വയറി നം-21/23.3.21

1-21 നിർവഹിച്ചിട്ടില്ലാത്ത പ്രവൃത്തികൾ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി തുക നൽകി

പ്രോജക്ട് നം 133/19-20

പ്രോജക്ടിന്റെ പേര് - പെരിങ്ങരക്കടവ് റോഡ് റീ ടാറിംഗും കലുങ്ക് നിർമാണവും

അടങ്കൽ തുക - 5,00,000/-

ഫണ്ടിനം - മെയിന്റനൻസ് ഗ്രാൻറ് (റോഡ്)

നിർവഹണരീതി - ടെണ്ടർ

കരാറുകാരൻ - ശ്രീ. എം.വി .രാജ് കുമാർ.

എ എസ്.നം - 1 (1) തീ 20 .05.17

ടി.എസ്.നം - 33528 ( A )/17-18 തീ .21.0 1.2019

എഗ്രീഡ് പി.എ.സി - 500000/ -

എം. ബുക്ക് നം -34/18-19.

ആകെ പ്രവൃത്തി മൂല്യം -4,79 ,933/-

ബിൽ നം. / തുക.-1) 62/21-3-19—391729/-

2) 2/04/05. 04. 19 -88,204 / - രൂപ

അസി. എഞ്ചിനീയർ നിർവഹണം നടത്തിയ പെരിങ്ങരക്കടവ് റോഡ് റീ ടാറിംഗും കലുങ്ക് നിർമാണവും എന്ന പ്രവൃത്തിക്ക് ആകെ പ്രവൃത്തി മൂല്യമായി 4,79,933/- രൂപ നിർണയിച്ച് ചുവടെ ചേർക്കും പ്രകാരം ബിൽ തയ്യാറാക്കി 4, 17 ,634 /- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്.

ആകെ പ്രവൃത്തി മൂല്യം -479,933/- രൂപ

(കുറയ്ക്കുക)

ഫൈൻ 5% - 23997/-

ശേഷിക്കുന്ന തുക - 455936 / -

(കുറയ്ക്കുക)

ആദായ നികുതി 1% - 4559/--

കെ ബി & ഒ സി ഡബ്ല്യൂ ഡബ്ല്യൂ എഫ് 1% - 4559 / -

GST TDS 2 % - 9598 / -

കരാറുകാരന് നൽകേണ്ട തുക - 437 219/-

കരാറുകാരന് നൽകിയ തുക - 417634/-(357 259+ 60375)

ശേഷിക്കുന്ന തുക - 19585 /-(റിട്ടൻഷൻ ഇനത്തിൽ പിടിച്ച് വച്ച തുക )

എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ചുവടെ ചേർക്കുന്ന പ്രവൃത്തികൾ നിർവഹിച്ചിട്ടില്ലായെന്ന് 22.03.21 ൽ ഓഡിറ്റ് ടീം അസി.എഞ്ചിനീയർക്കൊപ്പം നടത്തിയ സ്ഥലപരിശോധനയിൽ വ്യക്തമാവുന്നു.

| ഇന വിവരണം. | അളവ് പുസ്തകം പേജ്നം | അളവുകൾ | ആകെ അളവ് | നിരക്ക് | നൽകിയ തുക. |
|---|---|---|---|---|---|
| ഇനം 2<br>4.1.8.<br>Providing And Laying In Position Cement Concrete Of Specified Grade ...... 1:4:8 | 35,36 & 55 | 1X 3.90 X 3 .50 X .10= 1.365<br>1 X 3.60 X 2.90 X.10 = 1.044 | 2.409 | 6805 | 16393. 24 |
| ഇനം 3<br>4.1.3.<br>Providing And Laying In Position Cement Concrete Of Specified Grade ......<br>1:2:4 | 42 & 55 | 1X 3.90 X 3 .50 X .05= .683<br>1 X 3.60 X 2.90 X.05= .522 | 1. 205 | 8330. 37 | 10038.09 |
| ഇനം 4<br>5.1.3.<br>Providing And Laying In Position Specified Grade Of Re Inforced Cement Concrete ......<br>1:2:4 | 43 &56 | 1X3.00X1.10X.10 | .330 | 8772.12 | 2894.79 |
| 4.1.8.<br>Providing And Laying In Position Cement Concrete Of Specified Grade .....<br>.1:4:8 | 37& 62 | 1X3.50X1.00X.10 | 0.35 | 6805 | 2381.75 |
| 4.1.3.<br>Providing And Laying In Position Cement Concrete Of Specified Grade ......<br>1:2:4 | 47&64 | 1X3.50X.60X.05 | 0.105 | 8330.37 | 874.68 |
| ആകെ | | 1 | | | 32582.55 |

നിർവഹിക്കാത്ത പ്രവൃത്തിക്കായി വ്യാജരേഖപ്പെടുത്തൽ വരുത്തി നൽകിയ തുകയിൽ കരാറുകാരനിൽ നിന്നും റിട്ടെൻഷൻ ഇനത്തിൽ പിടിച്ചുവച്ചിരിക്കുന്ന 19585 /രൂപ കഴികെയുള്ള തുകയായ 12998/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.തുക തിരികെ ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

നിരാകരണം-12998/-രൂപ

ഓഡിറ്റ് എൻക്വയറി നം-22/23.3.21

1-22 അസ്സസ്സമെന്റ് രജിസ്റ്റർ പ്രകാരമുള്ള കെട്ടിടങ്ങൾ സഞ്ചയയിൽ ഉൾപ്പെട്ടിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 9ം വാർഡിലെ അസ്സസ്സ് മെന്റ് രജിസ്റ്ററിൽ ക്രമനമ്പർ 401 മുതൽ 408 വരെയും 612 മുതൽ 614 വരെയും ശ്രീ സോമനാഥൻ പിള്ള, വെൺമാനത്ത് പൂത്തൻ വീട് എന്ന വ്യക്തിയുടെ പേരിൽ ആണ്. സഞ്ചയ സോഫ്റ്റ് വെയറിൽ 405,406,407,408 എന്നീ കെട്ടിട നമ്പറുകൾ ശ്രീ സോമനാഥൻ പിള്ള, വെൺമാനത്ത് പൂത്തൻ വീട് എന്ന വ്യക്തിയുടെ പേരിലല്ല എന്നു കാണുന്നു. മേൽ വിഷയം ഉറപ്പാക്കാൻ ഗ്രാമപഞ്ചായത്ത് ഓവർസിയർ, സെക്ഷൻ ക്ലർക്ക് എന്നിവരുടെ സാന്നിദ്ധ്യത്തിൽ 23.3.21 ന് നടത്തിയ പ്രോദേശിക പരിശോധനയിൽ 401,402,403,404 എന്നീ കെട്ടിടങ്ങൾ ശ്രീ സോമനാഥൻ പിള്ള, വെൺമാനത്ത് പൂത്തൻ വീട് എന്ന വ്യക്തിയുടെ പേരിലുള്ളത് ബോദ്ധ്യപ്പെട്ടു. ഈ കെട്ടിടങ്ങളോടനുബന്ധിച്ച് 9.4 എം2,21 എം2, 25.4 എം2 എന്നീ വിസ്തീർണ്ണമുള്ള മൂന്നു കെട്ടിടങ്ങൾ അസ്സസ്സ് ചെയ്ത് നമ്പർ ഇട്ട് നികുതി ഈടാക്കിയിട്ടില്ല എന്നു കാണുന്നു. 405,406,407,408 എന്നീ കെട്ടിടങ്ങൾ പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. മേൽ വസ്തുതകൾ വ്യക്തമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയം പരിശോധിച്ച വ്യക്തമായ വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതും അസസ്സ് ചെയ്യാത്ത കെട്ടിടങ്ങൾ അസസ്സ് ചെയ്ത് നികുതികണക്കാക്കി ഈടാക്കേണ്ടതുമാണ്.

ഓഡിറ്റ്എൻക്വയറി നം-23/23.3.21

## 1-23 അനർഹയായ ഗുണഭോക്താവിന് തുക നൽകി

പ്രോജക്ട് നമ്പർ 122/19

നിർവ്വഹണം-വി.ഇ.ഒ

പ്രോജക്ട്-പ്രളയത്തിൽ തകർന്ന കക്കൂസുകളുടെ നിർമ്മാണം

അടങ്കൽ -9,00,000/-രൂപാ

ചെലവ്-702500/- രൂപാ

പ്രളയത്തിൽ തകർന്ന കക്കൂസുകളുടെ നിർമ്മാണത്തിനായി ആവിഷ്കരിച്ച പ്രസ്തുത പ്രോജക്ടിൽ അർഹതയില്ലാത്ത ഗുണഭോക്താവിന് തുക നൽകി. ബിൽ നമ്പർ 9/14-11-19 പ്രകാരം പിൻവലിച്ച 382500/- രൂപയിൽ ക്രമനമ്പർ 7 ആയി തുക നൽകിയ സുകുമാരി എന്ന ഗുണഭോക്താവിന് ആണ് (അക്കൌണ്ട് നമ്പർ 20280100048770 ഫെഡറൽ ബാങ്ക്) 7500/- രൂപാ നൽകിയത്. എന്നാൽ ഗുണഭോക്താവിന്റെ അപേക്ഷ ലഭ്യമാക്കുകയോ ആനുകൂല്യം രേഖപ്പെടുത്തുന്ന ഗുണഭോക്തൃരജിസ്റ്ററിലും പഞ്ചായത്തിന്റെ ഗുണഭോക്തൃലിസ്റ്റിലും പ്രസ്തുത ഗുണഭോക്താവിന്റെ പേര് കണ്ടെത്താനാകുകയോ ചെയ്യാനാവാത്തതിന്റെ കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ശ്രീമതി സുകുമാരി ലൈഫ് ഗുണഭോക്താവാണെന്നും തുക അക്കൌണ്ട് മാറി നൽകിയതാണെന്നും തുക തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 7500/- രൂപാ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൌണ്ടിൽ ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.

നിരാകരണം-7500/- രൂപ

ഓഡിറ്റ് എൻക്വയറി- 19/20.3.21

## 1-24 മരുന്നും ഉപകരണങ്ങളും ലഭ്യമാക്കിയിട്ടില്ല

നിർവഹണഉദ്യോഗസ്ഥൻ --മെഡിക്കൽ ഓഫീസർ പി.എച്ച്.സി

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവ്വഹണം നടത്തിയ ചുവടെചേർക്കുന്ന പ്രോജക്ടുകളിലൂടെ മരുന്നുകൾ/ ഉപകരണങ്ങൾ ഇവയ്ക്കായി തുക നൽകിയെങ്കിലും ആയവ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | അടങ്കൽ | ചെലവ്, ബിൽ നമ്പർ | കെ.എം.എസ്.സി.എൽന് നൽകിയ തുക | മരുന്ന ലഭ്യമായത് | ലഭ്യമാക്കാനുള്ളത് |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| അലോപ്പതി മരുന്ന വാങ്ങൽ(114/19-20) | 6,00,000/- | 6,00,000/- 7/19-20/ 17-1-20 | 6,00,000/- | 429919 | 170081 |
| പാലിയേറ്റീവ് കെയർ മരുന്നുകൾ 113/20 | 8,00,000/- | 2,00,000/- 2862491/ 26-3-20 | 2,00,000/- | 0 | 200000 |
| പാലിയേറ്റീവ് കെയർ ഉപകരണങ്ങൾ 113/20 | 8,00,000/- | 6,00,000/- 8/19-20/ 23-2-20 | 99941 | 62940 | 37001 |

മേൽ വിൽയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. കെ.എം.എസ്.സി.എൽ -നിന്നും മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം-14/19.3.21

1-25 ജീവനം-(ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ) വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-50000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണം-മെഡിക്കൽ ഓഫീസർ(അലോപ്പതി)
പ്രോജക്ട് -ജീവനം-(ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ-176/19)

അടങ്കൽ--50000/-

ചെലവ്- 50000/-

ബിൽ നമ്പർ 2/19-20/7-11-19

ബിൽ പ്രകാരം ടി തുക ജീവനം ഫൌണ്ടേഷന്റെ ഇന്ത്യൻ ബാങ്കിന്റെ 6805806820 നമ്പർ ശാഖയിൽ ഒടുക്കിയിട്ടുണ്ട്. ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 50000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗരേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയരി നമ്പർ-14/19.3.21
തടസ്സപ്പെടുത്തിയ തുക -50000/-

1-26 ലൈഫ് ഭവന പദ്ധതി പണി പൂർത്തിയാക്കിയിട്ടില്ല

വി.ഇ.ഒ നിർവ്വഹണം നടത്തി ഭവനരഹിതർക്ക് വീട് എന്ന ലക്ഷ്യം പൂർത്തീകരിക്കാനായി ആവിഷ്കരിച്ച ലൈഫ് ഭവനപദ്ധതിയുടെതാഴെ പറയുന്ന ഗുണഭോക്താക്കൾ പണി പൂർത്തിയാക്കിയിട്ടില്ല.

| ക്രമനമ്പർ | ഗുണഭോക്താവ് | കൈപ്പറ്റിയ തുക ,തീയതി |
|---|---|---|
| 1 | ശോഭ,(ഹരിദാസൻ) ലക്ഷമി നിവാസ്, കൊട്ടുവിള | 40000/-/27-7-19 |
| 2 | വിജയമ്മ, വിളയിൻ വിളാകം , പരിച്ചേരി | 40,000/-25-9-19 |
| 3 | അരുണോദയം, പള്ളിവിള ചരുവിൽ , പരിച്ചേരി | 1,60,000/-(22-2-20) |
| 4 | ലില്ലിക്കുട്ടി, കുഴിക്കര പുത്തൻവീട് ഓണമ്പലം | 40000/-(18-11-19) 160000/-(3-3-20) |
| 5 | പ്രഭ(ഷെൽട്ടൺ) നീരാഴി മന്ദിരം | 40000/-(10-3-20) 160000/-(30-9-20) |

| | | |
|---|---|---|
| | തെക്കേമുറി | |

പണി പൂർത്തിയാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി കോവിഡ് മൂലമുള്ള സാമ്പത്തിക പ്രശ്നം മൂലം പണി തടസ്സപ്പെട്ടതാണെന്നും ഉടൻ പണി പൂർത്തീയാക്കി വിവരം അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ ഭവനങ്ങളുടെ പണി പൂർത്തിയാക്കി രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്. അല്ലാത്തപക്ഷം നൽകിയ തുക പിഴപലിശസഹിതം ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ -19/20.3.21

1-27 കുറ്റി കുരുമുളക് -സബ്സിഡി അധികരിച്ച നൽകി

നിർവഹണ ഉദ്യോഗസ്ഥൻ ---കൃഷി ഓഫീസർ

| പ്രോജക്ട് | അടങ്കൽ | ചെലവ് | ബിൽ നമ്പർ | ഇൻവോയ്സ് നമ്പർ | എണ്ണം |
|---|---|---|---|---|---|
| കുറ്റി കുരുമുളക് കൃഷി ജനറൽ വനിത ( നമ്പർ 107/20) | 337000/- | 336750/- | 1/19-20/28-8-19 | ക്യൂ 117/19-20/27-7-19 | 2245 |
| കുറ്റികുരുമുളക് കൃഷി വനിത (എസ്.സി.പി) (108/20) | 168750 | 168750 | 2/28-8-19 | ക്യൂ 118/19-20/27-7-19 | 1125 |

കൃഷി ഓഫീസർ നിർവഹണം നടത്തിയ പ്രസ്തുത പദ്ധതിയിൽ ഒരു തൈക്ക് 150രൂപാ നിരക്കിൽ പ്ലാൻ ഫണ്ട് ഇനത്തിലുള്ള മുഴുവൻ തുകയും കുരുമുളക് തൈ വാങ്ങി നൽകാനാണ് ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ ഓഡിറ്റ് വർഷം ബാധകമായ സബ്സിഡി മാർഗ്ഗരേഖ (സർക്കാർ ഉത്തരവ് (കൈ) 22/18 ത.സ്വ.ഭ.വ. തീ. 14-2-18 ഖണ്ഡിക 6.1.4. പ്രകാരം തൈകൾ മാത്രം വിതരണം ചെയ്യുമ്പോൾ 100% സബ്സിഡിയും ഖണ്ഡിക 6.1.11 പ്രകാരം പോട്ടിംഗ് മിശ്രിതം നിറച്ച് തൈ ഉൾപ്പടെ നൽകുമ്പോൾ 75% സബ്സിഡിയുമാണ് നൽകേണ്ടത്. പദ്ധതി പ്രകാരം കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും വാങ്ങിയത് Bush Pepper With Pot (മൺചട്ടിയിലുള്ള കുറ്റി കുരുമുളക് )ആണ്. എന്നാൽ2019-20 വർഷം കൃഷി വകുപ്പ് അംഗീകരിച്ച വിത്തുകളുടെ വിലവിവരപട്ടികയിൽ (25-1-18 തീയതിയിലെ റ്റി.എച്ച്.1/195498/17 നമ്പർ സർക്കുലർ) ഗ്രോബാഗിലുള്ള കുറ്റി കുരുമുളകിനാണ് 150രൂപാ ഈടാക്കാൻ കഴിയുന്നത്. ഗ്രോബാഗിൽ പോട്ടിംഗ് മിശ്രിതംനിറച്ച് വിതരണം ചെയ്യുന്നതായതിനാൽ മുഴവൻ തുകയും സബ്സിഡി നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി വലിയ കുരുമുളകിനാണ് 150/- രൂപാ നൽകിയത് എന്ന മറുപടി അംഗീകരിക്കുന്നില്ല. സബ്സിഡി ഇനത്തിൽ അധികമായി ചെലവഴിച്ച 126375/- (3370X37.5)രൂപാ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഗുണഭോക്താക്കളിൽ നിന്നു പിരിച്ചെടുക്കുകയോ നഷ്ടോത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ-23/23.3.21
നിരാകരിച്ച തുക – 126375/-

1-28 കക്കൂസ് /ശുചിമുറി നിർമ്മാണം ഒന്നാം ഗഡു കൈപ്പറ്റി എങ്കിലും പണി പൂർത്തിയാക്കില്ല.

പ്രളയത്തിൽ തകർന്ന കക്കൂസുകളുടെ നിർമ്മാണം , ശുചിമുറി നിർമ്മാണം എന്നീ പ്രോജക്ടുകളുടെ നിർമ്മാണത്തിനായി അഡ്വാൻസ് തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ പണി പൂർത്തിയാക്കിയിട്ടില്ല.വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ ,പേര് അടങ്കൽ | ഗുണഭോക്താവിന്റെ പേര് | ചെലവു തുക | ബിൽ നമ്പർ | നൽകിയ തുക | ലഭ്യമാക്കിയ മറുപടി യുടെ വിവരം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 122/പ്രളയത്തിൽ തകർന്ന കക്കൂസുകളുടെ നിർമ്മാണം 900000/- | 1)കുഞ്ഞുമോൻ, താന്നിക്കൽ വീട് 2)പ്രകാശ്.കെ ആരുകുഴിയിൽ മേലതിൽ 3)പ്രീത ഇടവംചേരി | 702500 | 9/19-20 | 7500/- രൂപാ വീതം | നോട്ടീസ് നൽകി തുടർനടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചു. |
| 205/19-20 ശുചി മുറി നിർമ്മാണം 215600/- | 1)വിജയമ്മ, കാവിന്റെ വടക്കതിൽ, കൊട്ടുവിള 2)ഉഷ,മഹാദേവർ ചരുവിൽ ,കൊട്ടുവിള | 30600/- | | 3400/- വീതം | പണി പൂർത്തീകരിക്കുന്ന തിന്റെ നോട്ടീസ് അയക്കുകയും തുക പലിശ സഹിതം തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചു |

ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 29300/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.മേൽ ഗുണഭോക്താക്കളുടെ പണി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം നൽകിയതുക പിഴപലിശ സഹിതം തിരികെ ഈടാക്കേണ്ടതുമാണ്.

തടസ്സം-29300/-രൂപ

ഓഡിറ്റ് എൻക്വയറി നം-19/23.3.21

## 1-29 കെട്ടിട നികുതി കുറച്ച് അസ്സസ്സ് ചെയ്തു

ആറാം വാർഡിലെ (ചിറ്റുമല ) ജോളിക്കുട്ടി ,ഫ്രാൻക്ലിൻ എന്നിവരുടെ ഉടമസ്ഥതയിൽ വരുന്ന കെട്ടിട നമ്പർ 674,675,676,677 എന്നിവ യഥാക്രമം 117.5m2, 28.91m2,28.91m2, 59.23m2 എന്നിങ്ങനെ 6/- രൂപാ നിരക്കിൽ അസ്സസ്സ് ചെയ്ത് നികുതി ഈടാക്കി വരുന്നു. എന്നാൽ അസസ്മെന്റ് ഫയൽ പരിശോധിച്ചതിൽ ആകെ എരിയ ആയി കംപ്ലീഷൻ പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്നത് 247.31m2 ആണ്. എന്നാൽ 234.55 M2 അളവ് മാത്രമേ അളന്ന് രേഖപ്പെടുത്തിയിട്ടുള്ളു. 12.76 ആയ സ്റ്റെയർ ക്യാബിൻ എരിയ പൊതു വിഭാഗത്തിന് ഉപയോഗിക്കുന്നതായതിനാൽ ആയത് കൂടി അസ്സസ്സ് ചെയ്യാതിരി ക്കുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സ്റ്റെയർക്യാബിൻ വിട്ടു പോയതാണെന്നും ആയതുകൂടി പരിഗണിച്ച് നികുതി പുനർനിർണ്ണയിച്ച് വിവരം അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അളവുകൾ ക്രമീകരിച്ച് നികുതി പുനർനിർണ്ണയിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-23/23.3.21

## 1-30 ഹോംസ്റ്റേയ്ക്ക് ഗാർഹികാവശ്യത്തിന് ഉള്ള കെട്ടിടത്തിന്റെ നികുതിമാത്രം ഈടാക്കി.

ഗ്രാമപഞ്ചായത്തിലെ 13ം വാർഡിൽ കെട്ടിടനമ്പർ 494,495(48.96 എം2 വീതം ) എന്നീ കെട്ടിടങ്ങൾ ശ്രീ. സിബി മാത്യു, ഫാത്തിമാ മന്ദിരം, ശിങ്കാരപ്പള്ളി എന്ന വ്യക്തിയുടെ പേരിൽ ഉള്ള ഹോംസ്റ്റേ ആണ്. ആയതിന് 30/- രൂപാ നിരക്കിൽ ആയിരുന്നു നികുതി ഈടാക്കേണ്ടതായിരുന്നത്. എന്നാൽ മേൽ കെട്ടിടത്തിന് ഗാർഹികാവശ്യത്തിനുള്ള കെട്ടിടം എന്ന നിലയിൽ 6/- രൂപാ നിരക്കിൽ ആണ് നികുതി ഈടാക്കിയിരിക്കുന്നത്. നിരക്ക് കുറച്ച് ഈടാക്കിയിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആകെ 528.77/- രൂപാ മാത്രമാണ് ഇളവുകൾ കഴിഞ്ഞ് വസ്തു നികുതിയിനത്തിൽ ഈടാക്കിയിരിക്കുന്നത്. 30/- രൂപാ നിരക്കിൽ 2644/- രൂപാ ആയിരുന്നു ഈടാക്കേണ്ടിയിരുന്നത്.

ഈയിനത്തിൽ ആകെ 2115/- രൂപയുടെ നഷ്ടം ആണ് ഉണ്ടായിരിക്കുന്നത്. കെട്ടിടനികുതി റീ അസ്സസ്സ് ചെയ്ത് കുറവുവന്ന നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-23/23.3.21

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 കുറ്റി കുരുമുളക് കൃഷി സബ്സിഡി അധികരിച്ച നൽകി

നിർവഹണ ഉദ്യോഗസ്ഥൻ ---കൃഷി ഓഫീസർ

| പ്രോജക്റ്റ് | അടങ്കൽ | ചെലവ് | ബിൽ നമ്പർ | ഇൻവോയ്സ് നമ്പർ | എണ്ണം |
|---|---|---|---|---|---|
| കുറ്റി കുരുമുളക് കൃഷി ജനറൽ വനിത( നമ്പർ 107/20) | 337000/- | 336750/- | 1/19-20/28-8-19 | ക്യൂ 117/19-20/27-7-19 | 2245 |
| കുറ്റികുരുമുളക് കൃഷി വനിത (എസ്.സി.പി) | 168750 | 168750 | 2/28-8-19 | ക്യൂ 118/19-20/27-7-19 | 1125 |

കൃഷി ഓഫീസർ നിർവഹണം നടത്തിയ പ്രസ്തുത പദ്ധതിയിൽ ഒരു തൈക്ക് 150രൂപാ നിരക്കിൽ പ്ലാൻ ഫണ്ട് ഇനത്തിലുള്ള മുഴവൻ തുകയും കുരുമുളക് തൈ വാങ്ങി നൽകാനാണ് ഉപയോഗിച്ചിരിക്കുന്നത്.എന്നാൽ ഓഡിറ്റ് വർഷം ബാധകമായസബ്സിഡി മാർഗ്ഗരേഖ (സർക്കാർ ഉത്തരവ് (കൈ) 22/18 ത.സ്വ.ഭ.വ. തീ. 14-2-18 ഖണ്ഡിക 6.1.4. പ്രകാരം തൈകൾ മാത്രം വിതരണം ചെയ്യുമ്പോൾ 100% സബ്സിഡിയും ഖണ്ഡിക 6.1.11 പ്രകാരം പോട്ടിംഗ് മിശ്രിതം നിറച്ച് തൈ ഉൾപ്പടെ നൽകുമ്പോൾ 75% സബ്സിഡിയുമാണ് നൽകേണ്ടത്. പദ്ധതി പ്രകാരം കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും വാങ്ങിയത് Bush Pepper With Pot (മൺചട്ടിയിലുള്ള കുറ്റി കുരുമുളക് )ആണ്. എന്നാൽ2019-20 വർഷം കൃഷി വകുപ്പ് അംഗീകരിച്ച വിത്തുകളുടെ വിലവിവരപട്ടികയിൽ(25-1-18 തീയതിയിലെ റ്റി.എച്ച്.1/195498/17 നമ്പർ സർക്കുലർ) ഗ്രോബാഗിലുള്ള കുറ്റി കുരുമുളകിനാണ് 150രൂപാ ഈടാക്കാൻ കഴിയുന്നത് ഗ്രോബാഗിൽ പോട്ടിംഗ് മിശ്രിതംനിറച്ച് വിതരണം ചെയ്യുന്നതായതിനാൽ മുഴവൻ തുകയും സബ്സിഡി നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി വലിയ കുരുമുളകിനാണ് 150/- രൂപാ നൽകിയത് എന്ന മറുപടി അംഗീകരിക്കുന്നില്ല. സബ്സിഡി ഇനത്തിൽ അധികമായി ചെലവഴിച്ച 126375/- (3370x37.5)രൂപാ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഗുണഭോക്താക്കളിൽ നിന്നു പിരിച്ചെടുക്കുകയോ നഷ്ടോത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-23/23.3.21

നിരാകരണം-126375/-

### 3-2 അനുവദിക്കാവുന്നതിലും അധികം ആർജ്ജിതാ അവധി പണമാക്കാൻ അനുവദിച്ച.7,233/- രൂപ തിരികെ പിടിക്കേണ്ടതാണ്

പഞ്ചായത്ത് വകുപ്പിലെ ഫുൾ ടൈം കണ്ടിജൻറ് ജീവനക്കാർക്ക് ആർജ്ജിതാവധി കണക്കാക്കുന്നത് 15 ദിവസത്തെ ഡ്യൂട്ടിക്ക് ഒന്ന് എന്ന നിലയിലും ഒരു വർഷം പണമാക്കാൻ അനുവദിക്കുന്ന അവധി പരമാവധി 20 എണ്ണവുമാണ് എന്നും 29-2-84 ലെ സർക്കാർ ഉത്തരവ് (എം.എസ്.) 39/84 LA&SWD ൽ

സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ജീവനക്കാരുടെ ആർജ്ജിതാവധി സംബന്ധിച്ച് 29-2-84 ലെ ഉത്തരവു തന്നെയാണ് ഇപ്പോഴും നിലനിൽക്കുന്നതെന്ന് പഞ്ചായത്ത് ഡയറക്ടറുടെ 3-8-20 ലെ PAN 5191/20- E9 (DP) 10 സ്പഷ്ടീകരണത്തിലും സൂചിപ്പിച്ചിട്ടുണ്ട്.ആകയാൽ കിഴക്കേകല്ലട ഗ്രാമ പഞ്ചായത്തിലെ ഫുൾ ടൈം സ്വീപ്പറായ ശ്രീ. മീനുകുമാർ.എസ്സ്-ന് 1-4-19 പ്രാബല്യത്തിൽ 30 ആർജ്ജിതാവധി പണമാക്കാൻ അനുവദിച്ചത് ക്രമമല്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേര് | ആർജ്ജിതാവധി പണമാക്കാൻ അനുവദിച്ചത് വൗച്ചർ നം.21900002 തീ. 04-4-19 | ആർജ്ജിതാവധി പണമാക്കാൻ അനുവദി ക്കാവുന്നത് | അധികം അനുവദിച്ചത് |
|---|---|---|---|---|
| 1 | ശ്രീ. മീനുകുമാർ.എസ്സ് , ഫുൾ ടൈം സ്വീപ്പർ | 21700രൂപ/ 30 ദിവസം | 14467രൂപ /20ദിവസം | 7233 |
| | | | ആകെ | 7,233 |

അധികമായി നൽകിയ തുക പ്രസ്തുത ജീവനക്കാരനിൽ നിന്നും തിരികെ ഈടാക്കു ന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി -2/17.3.21

നിരാകരണം-7,233/-രൂപ

<u>3-3 കാഷ്വൽ സ്വീപ്പർക്ക് അധിക വേതനം നൽകി 6336/- രൂപ നിരാകരിക്കുന്നു</u>

സർക്കാർ ഉത്തരവ് (പി) 61/ 2010 ധന തീയതി 09 - 02 - 2010 ഖണ്ഡിക 5, 6 എന്നിവ പ്രകാരം ഏതു കാരണത്താലും താൽക്കാലികാടിസ്ഥാനത്തിൽ പാർടൈംസ്വീപ്പർമാരെ നിയമിക്കേണ്ടി വരുമ്പോൾ ക്വാഷ്യൽ സ്വീപ്പർമാരെ കുടുംബശ്രീ വഴി റൊട്ടേഷൻ വ്യവസ്ഥയിൽ 179 ദിവസത്തേക്ക് നിയമിക്കണമെന്നും കാഷ്യൽ സ്വീപ്പർക്ക് ബാധകമായ ശമ്പളനിരക്കുകൾ നൽകണമെന്നും സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ കിഴക്കേ കല്ലട ഗ്രാമ പഞ്ചായത്തിൽ പ്രസ്തുത ഉത്തരവിന് വിരുദ്ധമായി നിയമനം നടത്തുകയും അധിക വേതനം ( 2019 -20 വർഷം കാഷ്യൽ സ്വീപ്പറിന് ബാധകമായ ശമ്പളം പ്രതിമാസം 6000/- രൂപ കൺസോളിഡേറ്റഡ് ) നൽകുകയും ചെയ്തിരിക്കുന്നു.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | മാസം | വൗച്ചർ നമ്പർ | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം അനുവദിച്ച തുക . |
|---|---|---|---|---|---|
| 1 | 3/19 | 21900014/8-4-19 | 7371 | 6000 | 1371 |
| 2 | 5/19 | 21900156/3-6-19 | 6825 | 6000 | 825 |
| 3 | 6/19 | 21900226/6-7-19 | 6276 | 6000 | 276 |
| 4 | 7/19 | 21900317/30- | 6825 | 6000 | 825 |

| | | | | | |
|---|---|---|---|---|---|
| | | 8-19 | | | |
| 5 | 8/19 | 21900379/18-9-19 | 6006 | 6000 | 6 |
| 6 | 10/19 | 21900544/3-11-19 | 6006 | 6000 | 6 |
| 7 | 11/19 | 21900642/26-12-19 | 6825 | 6000 | 825 |
| 8 | 12/19 | 21900716/14-1-20 | 6825 | 6000 | 825 |
| 9 | 1/20 | 21900813/7-2-20 | 7098 | 6000 | 1098 |
| 10 | 2/20 | 21900886/5-3-20 | 6279 | 6000 | 279 |
| | | | | ആകെ | 6336 |

അധികമായി അനുവദിച്ച തുക 6336/- രൂപ സെക്രട്ടറിയിൽ നിന്ന് തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി - 4/17-3-2 1

നിരാകരണം - 6336/- രൂപ

3-4 നിർവഹിച്ചിട്ടില്ലാത്ത പ്രവൃത്തികൾ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി തുക നൽകി

പ്രോജക്ട് നം 133/19-20

പ്രോജക്ടിന്റെ പേര് - പെരിങ്ങരക്കടവ് റോഡ് റീ ടാറിംഗും കലുങ്ക് നിർമാണവും

അടങ്കൽ തുക - 500,000/-

ഫണ്ടിനം - മെയിന്റൻസ് ഗ്രാൻറ് (റോഡ്)

നിർവഹണരീതി - ടെണ്ടർ

കരാറുകാരൻ - എം.വി .രാജ് കുമാർ

എ എസ്.നം - 1 (1) തീ 20 .05.17

ടി.എസ്.നം - 33528 ( A )/17-18 തീ .21.0 1.2019

എഗ്രീഡ് പി.എ.സി - 500000/ -

എം ബുക്ക് നം -34/18-19.

ആകെ പ്രവൃത്തി മൂല്യം -4,79 ,933/-

ബിൽ നം. / തുക.-1) 62/21-3-19—391729/-

2) 2/04/05. 04. 19 88,204 / - രൂപ

അസി. എഞ്ചിനീയർ നിർവഹണം നടത്തിയ പെരിങ്ങരക്കടവ് റോഡ് റീ ടാറിംഗും കലുങ്ക് നിർമാണവും എന്ന പ്രവൃത്തിക്ക് ആകെ പ്രവൃത്തി മൂല്യമായി 479,933/- രൂപ നിർണയിച്ച് ചുവടെ ചേർക്കും പ്രകാരം ബിൽ തയ്യാറാക്കി 4, 17 ,634 /- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്.

ആകെ പ്രവൃത്തി മൂല്യം -479,933/- രൂപ

(കുറയ്ക്കുക)

ഫൈൻ 5% - 23997/-

ശേഷിക്കുന്ന തുക - 455936 / -

(കുറയ്ക്കുക)

ആദായ നികുതി 1% - 4559/--

കെ ബി & ഒ സി ഡബ്ല്യൂ ഡബ്ല്യൂ എഫ് 1% - 4559 / -
GST TDS 2 % - 9598 / -
കരാറുകാരന് നൽകേണ്ട തുക - 437 219/-
കരാറുകാരന് നൽകിയ തുക - 417634/-(357 259+ 60375)
ശേഷിക്കുന്ന തുക - 19585 /-(റിട്ടൻഷൻ ഇനത്തിൽ പിടിച്ച് വച്ച തുക )

എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ചുവടെ ചേർക്കുന്ന പ്രവൃത്തികൾ നിർവഹിച്ചിട്ടില്ലായെന്ന് 22.03.21 ൽ ഓഡിറ്റ് ടീം അസി.എഞ്ചിനീയർക്കൊപ്പം നടത്തിയ സ്ഥലപരിശോധനയിൽ വ്യക്തമാവുന്നു.

| ഇന വിവരണം. | അളവ് പുസ്തകം പേജ്നം | അളവുകൾ | ആ കെ അളവ് | നിരക്ക് | നൽകിയ തുക. |
|---|---|---|---|---|---|
| ഇനം 2<br>4.1.8.<br>Providing And Laying In Position Cement Concrete Of Specified Grade ...... 1:4:8 | 35,36 & 55 | 1X 3.90 X 3 .50 X .10= 1.365<br>1 X 3.60 X 2.90 X.10 = 1.044 | 2.409 | 6805 | 16393.24 |
| ഇനം 3<br>4.1.3.<br>Providing And Laying In Position Cement Concrete Of Specified Grade ......<br>1:2:4 | 42 & 55 | 1X 3.90 X 3 .50 X .05= .683<br>1 X 3.60 X 2.90 X.05= .522 | 1. 205 | 8330.37 | 10038.09 |
| ഇനം 4<br>5.1.3.<br>Providing And Laying In Position Specified Grade Of Re Inforced Cement Concrete ......<br>1:2:4 | 43 &56 | 1X3.00X1.10X.10 | .330 | 8772.12 | 2894.79 |
| 4.1.8.<br>Providing And Laying In Position Cement Concrete Of Specified Grade .....<br>.1:4:8 | 37&<br>62 | 1X3.50X1.00X.10 | 0.35 | 6805 | 2381.75 |
| 4.1.3.<br>Providing And Laying In Position Cement Concrete Of Specified Grade ......<br>1:2:4 | 47&64 | 1X3.50X.60X.05 | 0.105 | 8330.37 | 874.68 |
| ആകെ | | | | | 32582.55 |

നിർവഹിക്കാത്ത പ്രവൃത്തിക്കായി വ്യാജരേഖപ്പെടുത്തൽ വരുത്തി നൽകിയ തുകയിൽ കരാറുകാരനിൽ നിന്നും റിട്ടെൻഷൻ ഇനത്തിൽ പിടിച്ചുവച്ചിരിക്കുന്ന 19585 /രൂപ കഴികെയുള്ള തുകയായ12998/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.തുക തിരികെ ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

നിരാകരണം-12998/-രൂപ

ഓഡിറ്റ് എൻക്വയറി നം-22/23.3.21

3-5 പ്രവൃത്തികളുടെ അളവ് രേഖപ്പെടുത്തലിൽ പിഴവുകൾ - 3518/- രൂപ നിരാകരിക്കുന്നു.

പ്രോജക്ട് നം. 57/19-20
പ്രോജക്ടിന്റെ പേര് - ഉപ്പൂട് MM HS -PHC സബ് സെന്റർ റോഡ്.
അടങ്കൽ തുക - 4, 15,000/-
ഫണ്ടിനം - ധനകാര്യ കമ്മീഷൻ ഗ്രാൻറ്
നിർവഹണ രീതി - ടെണ്ടർ
കരാറുകാരൻ - ശ്രീ. പ്രവീൺ ബി.
എ .എസ്.നം - 3/3 തീ 3 .7.19
ടി.എസ്.നം - 38487/19-20
എഗ്രീഡ് പി.എ.സി - 369745/ -

എഗ്രിമെന്റ് നം. - ഇ കെ.ജി.പി /20/19 -20തീ .23. 10.19
എം ബുക്ക് നം - 6/19-20
ആകെ പ്രവൃത്തി മൂല്യം -4, 14 ,041/- (44,361 / - രൂപ GST ഉൾപ്പെടെ)
ബിൽ നം. / തുക.-26/120/ 14. 11. 19 4 -14 ,041 / - രൂപ

അസി. എഞ്ചിനീയർ നിർവഹണം നടത്തിയ ഉപ്പൂട് MMHS -PHC സബ് സെൻറർ എന്ന പ്രവൃത്തിക്ക് ആകെ പ്രവൃത്തി മൂല്യമായി 3,70,050 /- രൂപ നിർണയിച്ച് .1% ടെണ്ടർ കിഴിവ് കുറച്ച് ചുവടെ ചേർക്കും പ്രകാരം ബിൽ തയ്യാറാക്കി 3 ,97,481/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്.
ആകെ പ്രവൃത്തി മൂല്യം -3,70,050/-
(കുറയ്ക്കുക)
ടെണ്ടർ കിഴിവ് 0. 1 % - 370
(കൂട്ടുക)
GST 12% - 44,361 / -

ആകെ - 4,14,041

(കുറയ്ക്കുക )
ആദായ നികുതി 1% - 4140 / -
കെ ബി & ഒ സി ഡബ്ല്യൂ ഡബ്ല്യൂ എഫ് 1% - 4,140
GST TDS 2 % - 8,280/-
കരാറുകാരന് നൽകിയ തുക - 397481/-

എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ ഇനം 3 ആയി ഉൾപ്പെടുത്തിയിരിക്കുന്ന Construction Of Plain Cement Concrete Pavement എന്ന പ്രവൃത്തി, അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന അളവിൽ നിർവഹിച്ചിട്ടില്ലായെന്ന് 22.03.21ൽ ഓഡിറ്റ് ടീം അസി.എഞ്ചിനീയർക്കൊപ്പം നടത്തിയ സ്ഥലപരിശോധനയിൽ വ്യക്തമാവുന്നു.
ഇനം 3 അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ അളവുകൾ
പാർട് II -1x30.00x3.00x.15=13.5

1x23.00x3.00x.15 =10.788
പാർട്ട് 1-1x19.00(3.00+3.10)\2x.15=8.693

1X19.6X(3.10+3.00)\2x.15=8.967
Repairing Area-1x3.20x2.10x.05=.336

1x1.30x1.8x.05=.117

1x5.5x.7x.05=.193

1x12.5x3.00x.05=1.875

1x3.5x.5x.05=.088

1x7.00x.6x.05=0.210

ആകെ 44.767 M3

കണക്കാക്കിയ തുക 44.767 M3 @ 8079/M3 - 3,61,690 .05/-

സ്ഥലപരിശോധനയിൽ വ്യക്തമായ അളവുകൾ

പാർട് II -1x30.00x3.00x.15=13.5

1x23.2x3.10x.15 =10.788

പാർട്ട് 1-1x19.00(3.00+3.10)\2x.15=8.693

1X19.6X(3.10+3.00)\2x.15=8.967

Repairing Area-1x2.50x1.90x.05=.2375

1x1.10x2.00x.05=.11

1x10.7x3.00x.05=1.605

1x4.8x.7x.05=.168

1x3.5x.5x.05=.088

1x7.00x.6x.05=0.210

ആകെ 44.364 M3

കണക്കാക്കാവുന്ന തുക – 44.364 M3 @8079/M3 - 3,58,417/-

യഥാർത്ഥത്തിൽ കണക്കാവുന്ന പ്രവൃത്തി മൂല്യം =3,66,777/

(370050-361690+358417)

(കുറയ്ക്കുക )

ടെണ്ടർ കിഴിവ് - 367

പ്രവൃത്തി മൂല്യം - 366410/-

GST വിഹിതം 12% - 43969 / -

ആകെ - 410379/-

( കുറയ്ക്കുക )

ആദായ നികുതി - 1 % - 4104 / -

കെ ബി & ഒ സി ഡബ്ല്യൂ ഡബ്ല്യ എഫ് 1% - 4104/-

GST TDS 2 % - 8208/ -

കരാറുകാരന് നൽകാവുന്ന തുക -393963/-രൂപ

കരാറുകാരന് നൽകിയ തുക -397481/-രൂപ

അധികമായി നൽകിയ തുക – 3518/-രൂപ

അധികമായി നൽകിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു.തുക തിരികെ ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

നിരാകരണം-3,518/-രൂപ

ഓഡിറ്റ് എൻക്വയറി നം-21/23.3.21

## 3-6 അനർഹയായ ഗുണഭോക്താവിന് തുക നൽകി-7500/- രൂപ നിരാകരിക്കുന്നു

നിർവ്വഹണം-വി.ഇ.ഒ
പ്രോജക്ട് നമ്പർ 122/19

പ്രോജക്ട്-പ്രളയത്തിൽ തകർന്ന കക്കൂസുകളുടെ നിർമ്മാണം

അടങ്കൽ -9,00,000/-രൂപാ

ചെലവ്-702500/- രൂപാ

പ്രളയത്തിൽ തകർന്ന കക്കൂസുകളുടെ നിർമ്മാണത്തിനായി ആവിഷ്കരിച്ച പ്രസ്തുത പ്രോജക്ടിൽ അർഹതയില്ലാത്ത ഗുണഭോക്താവിന് തുക നൽകി. ബിൽ നമ്പർ 9/14-11-19 പ്രകാരം പിൻവലിച്ച 382500/- രൂപയിൽ ക്രമനമ്പർ 7 ആയി തുക നൽകിയ സുകുമാരി എന്ന ഗുണഭോക്താവിന് ആണ് (അക്കൌണ്ട് നമ്പർ 20280100048770 ഫെഡറൽ ബാങ്ക്) 7500/- രൂപാ നൽകിയത്. എന്നാൽ ഗുണഭോക്താവിന്റെ അപേക്ഷ ലഭ്യമാക്കുകയോ ആനുകൂല്യം രേഖപ്പെടുത്തുന്ന ഗുണഭോക്തൃരജിസ്റ്ററിലും പഞ്ചായത്തിന്റെ ഗുണഭോക്തൃലിസ്റ്റിലും പ്രസ്തുത ഗുണഭോക്താവിന്റെ പേര് കണ്ടെത്താനാകുകയോ ചെയ്യാനാവാത്തതിന്റെ കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ശ്രീമതി സുകുമാരി ലൈഫ് ഗുണഭോക്താവാണെന്നും തുക അക്കൌണ്ട് മാറി നൽകിയതാണെന്നും തുക തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 7500/- രൂപാ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൌണ്ടിൽ ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.
നിരാകരണം-7500/- രൂപാ
ഓഡിറ്റ് എൻക്വയറി നം-19/20.3.21

### 3-7 ജി.എസ്.ടി രജിസ്ട്രേഷനില്ലാത്ത അദ്ധ്യാപക-രക്ഷകർത്തൃസമിതിയ്ക്ക് ജി.എസ്.ടി വിഹിതം നൽകി-21366/- രൂപ നിരാകരിക്കുന്നു.

പ്രോജക്ട് നം. - 158/20
പ്രോജക്ടിന്റെപേര് - ഗവ. എൽ പി എസിന് മേൽക്കൂര സ്ഥാപിക്കൽ
നിർവഹണ ഉദ്യോഗസ്ഥൻ -അസി.എൻജിനീയർ

അടങ്കൽ - 4 ലക്ഷം
ഫണ്ടിനം - ധനകാര്യ കമ്മീഷൻ ഗ്രാൻറ്
നിർവഹണ രീതി -അംഗീകൃത ഏജൻസി (പി റ്റി.എ)
എഗ്രിമെന്റ് നമ്പർ- ഇ.കെ ജി പി | 2 / 19-20 തീ29.7.19
എഗ്രീഡ് പി.എ.സി -4 ലക്ഷം
സാങ്കേതികാനുമതി നം.-27666/19-20
ആകെ മൂല്യനിർണയം - 2,16, 215/രൂപ ( നിയമാനുസൃത നികുതികൾ ഉൾപ്പെടെ )

എം ബുക്ക് നം - 2/19- 20
ബിൽനം / തുക - 1)17/41 തീ.21 .08.19തുക 98000/-
2)22/109 തീ .30.11 .19 തുക1182 15/ -
കിഴക്കേക്കല്ലട ഗവ .എൽ .പി .എസ്. ഹെഡ്മിസ്ട്രസ് കൺവീനറായി അദ്ധ്യാപക-രക്ഷകർതൃസമിതി മുഖേന അസി.എഞ്ചിനീയർ നിർവഹണം നടത്തിയ ഗവ. എൽ പി എസിന് മേൽക്കൂര സ്ഥാപിക്കൽ ( പ്രോ.നം. 158/20) എന്ന പ്രോജക്ടിനായി ജി.എസ്.ടി വിഹിതമായ 42,845/- രൂപ ഉൾപ്പെടെ 4 ലക്ഷം രൂപ അടങ്കൽ നിശ്ചയിക്കുകയും , അളവ് പുസ്തകം 2/19- 20പ്രകാരം193049./- രൂപ ആകെ പ്രവൃത്തി മൂല്യം കണക്കാക്കിയ പ്രസ്തുത പ്രവൃത്തിക്കായി ജി.എസ്.ടി വിഹിതം ഉൾപ്പെടെ ചുവടെ ചേർക്കും പ്രകാരം ബിൽ തയ്യാറാക്കി തുക കൺവീനർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.
ആകെ പ്രവൃത്തി മൂല്യം -193049/.
( കൂട്ടുക)
ജി.എസ്ടി വിഹിതം - 23166/-
ആദായ നികുതി - 1930 / -
കെ ബി & ഒ സി ഡബ്ല്യു.ഡബ്ല എഫ് - 1930/-

ആകെ -2,16, 215/

(കുറയ്ക്കുക )

മൊബലൈസേഷൻ അഡ്വാൻസ് - 98,000 /-

ഫൈനൽ ബിൽ തുക -118215/.

ഫൈനൽ ബില്ലിൽ നിന്നും കുറവ് ചെയ്ത തുക - 1930/- (കെ ബി & ഒ സി ഡബ്ല്യു.ഡബ്ല എഫ് )

കൺവീനർക്ക് നൽകിയ തുക _114355/-

മേൽ സൂചന പ്രവൃത്തിയുടെ കൺവീനർക്ക് GST രജിസ്ട്രേഷൻ ഇല്ലായെന്ന് 11.9.19 ലെ36/19-20 നമ്പർ കത്ത് പ്രകാരം കൺവീനർ അറിയിച്ചിരിക്കേ ജി.എസ്.ടി പ്രൊവിഷൻഇനത്തിൽ 21366/-രൂപ കൺവീനർക്ക് നൽകി. ആയതിൽ നിന്നും 2 % തുക TDS ആയി ഈടാക്കിയിട്ടില്ല. പ്രസ്തുത പ്രവൃത്തിക്ക് GST ഒടുക്കിയതായി വ്യക്തമാക്കുന്ന രേഖകളില്ല.
ഗുണഭോക്തൃസമിതി എന്ന നിലയിൽ കരാറിൽ ഏർപ്പെടുകയും 98,000 /- രൂപ മൊബിലൈസേഷൻ അഡ്വാൻസ് നൽകുകയും ചെയ്ത പ്രവൃത്തി സംബന്ധമായി ആകെ147351/- രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

മേൽ സൂചന അപാകതകൾ സംബന്ധമായി രേഖാമൂലമുള്ള വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അംഗീകൃത ഏജൻസിയായ അദ്ധ്യാപക-രക്ഷകർതൃസമിതി മുഖേനയാണ് പദ്ധതി നടപ്പിലാക്കിയതെന്നും സംസ്ഥാന ധനവകുപ്പിന്റെ 1.03 .19 ലെ 18/19/ധന. സർക്കുലറിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ GST ഒഴിവാക്കി വേണം ബേസ് എസ്റ്റിമേറ്റ് എടുക്കേണ്ടതെന്നും അപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിനോട് GST കൂടി ചേർത്ത് വേണം ബില്ലിംഗ് നടത്തേണ്ടതെന്നും വ്യക്തമാക്കിയിട്ടുണ്ടെന്നും ഈ ഉത്തരവ് പ്രകാരമാണ് ബില്ലിംഗ് നടത്തിയതെന്നും കൂടാതെ സെൻട്രൽ ബോർഡ് ഓഫ് എ ക്സൈസ് ആൻറ് കസ്റ്റംസിന്റെ 15.11.17 ലെ നോട്ടിഫിക്കേഷൻ നം. 65/17 ൽ ആനുവൽ ടേൺ ഓവർ 20 ലക്ഷത്തിന് മേൽ ഉള്ളവർക്ക് മാത്രം GST രജിസ്ട്രേഷൻ മതിയെന്ന് നിഷ്കർഷിച്ചിരിക്കുന്നുവെന്നും മാത്രമല്ല ബന്ധപ്പെട്ട സ്കൂളിലെ പ്രഥമാദ്ധ്യാപിക GST രജിസ്ട്രേഷൻ ആവശ്യമില്ല എന്ന് രേഖാമൂലം അറിയിച്ചിട്ടുള്ളതാണെന്നും ഇക്കാരണത്താൽത്തന്നെ TDS ബില്ലിൽ നിന്നും കുറവ് ചെയ്യാനും നിർവാഹമില്ലായെന്നും പ്രസ്തുത പദ്ധതി സംബന്ധിച്ച എല്ലാ രേഖകളും ബില്ലുകളും PTA മിനിട്ട്സിന്റെ പകർപ്പ് സഹിതം പ്രോജക്ട് ഫയലിൽഉൾപ്പെടുത്തിയിട്ടുണ്ടെന്നുമാണ് മറുപടി നൽകിയിരിക്കുന്നത്.

പ്രസ്തുത മറുപടി വസ്തുതാപരമല്ല. പ്രവൃത്തി ഏറ്റെടുക്കുന്ന എല്ലാവർക്കും സാധുവായ ഒരു GST രജിസ്ട്രേഷൻ ഉണ്ടായിരിക്കണമെന്നും അപ്രകാരമുള്ള ബിഡ്ഡർമാർ മുഖേനയുള്ള പ്രവൃത്തികളുടെ ബിൽ തയ്യാറാക്കുമ്പോൾ കരാർ നിരക്ക് പ്രകാരമുള്ള പ്രവൃത്തി മൂല്യത്തോടൊപ്പം ബാധകമായ GST നിരക്ക് കൂടി നൽകണമെന്നും 1.03.19 ലെ 18/19/ധന സർക്കുലറിൽ വ്യക്തമാക്കിയിരിക്കെ ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്തതിനാൽത്തന്നെ GST ഒടുക്കുവാൻ ബാദ്ധ്യതയില്ലാത്തതും കഴിയാത്തതുമായ PTA യ്ക്ക് ജി എസ് ടി വിഹിതം നൽകിയ നടപടി നിയമവിരുദ്ധമാണ്.
ക്രമരഹിതമായി ജി എസ് ടി വിഹിതമിനത്തിൽ നൽകിയ 21366/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.
അംഗീകൃത ഏജൻസികളെ പൊതുമരാമത്ത് പണികൾ ഏല്പിക്കുമ്പോൾ ഗുണഭോക്തൃസമിതികൾക്ക് ബാധകമായ എല്ലാ നിബന്ധനകളും ബാധകമാണെന്നും വരവുചെലവുകണക്കുകൾ, സാധന സാമഗികൾ വാങ്ങിയതിന്റെയും ഉപയോഗിച്ചതിന്റെയും കണക്കുകൾ ,തൊഴിലാളികളെപണിയെടുപ്പിച്ചതിന്റെ മസ്റ്റർ റോൾ എന്നിവ പ്രത്യേകമായി എഴുതി സൂക്ഷിക്കുകയും പ്രവൃത്തി പൂർത്തീകരിച്ച കഴിഞ്ഞാൽ നിർവഹ ണോദ്യോഗസ്ഥന് സമർപ്പിക്കുകയും വേണമെന്ന് 30.03.13 ലെ സ.ഉ.(എം.എസ്) നം.133/13/തസ്വഭവ നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിരിക്കെ ആകെ 193049 / - രൂപ പ്രവൃത്തി മൂല്യം കണക്കാക്കിയ പ്രവൃത്തി സംബന്ധമായി 147531/- രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയ ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.മതിയായ ചെലവു രേഖകളുടെ അഭാവത്തിൽ 45698/ - രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പ്രസ്തുത ചെലവിനെ സാധൂകരിക്കുന്ന രേഖകൾ അംഗീകൃത സമിതിയുടെ എക്സി.കമ്മിറ്റി അംഗീകരിച്ച് നിർവഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി ഒഡിറ്റിന് ഹാജരാക്കി തടസം തീർപ്പാക്കേണ്ടതാണ്.ക്രമരഹിതമായി നൽകിയ21366/- രൂപ തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ ഒടുക്കേണ്ടതുമാണ്.

തടസ്സം-45698/ - രൂപ

നിരാകരണം-21366/- രൂപ

ഓഡിറ്റ് എൻക്വയറിനം-11/18.3.21

ഭാഗം -4

4-1 വാർഷികധനകാര്യപത്രിക

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 19-3-2021 | KSA KLM/P4/561/2021/29.3.2021 |

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2019-20 | 1260000 | ലൈഫ്-ജനറൽ | 192000 | 462224 |
| | 2019-20 | 600000 | ലൈഫ്-എസ്.സി.പി | 200000 | 400000 |
| | 2019-20 | 600000 | പാലിന് സബ്സിഡി | 600000 | 0 |
| | 2019-20 | 150000 | അനുപൂരകപോഷകാഹാരം | 131404 | 18596 |
| | 2019-20 | 448000 | സമഗ്രനെൽകൃഷി വികസനം | 440000 | 8000 |
| ജില്ലാപഞ്ചായത്ത് | 2019-20 | 1240000 | ലൈഫ്-ജനറൽ | 1240000 | 0 |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ്9/20 | 5/27.7.19(67895/-)<br>12/24.10.19(53386/-)<br>20/10.2.20(23719/-)<br>തനത്ഫണ്ട്-1012/- | 146012 | 0 | 146012<br>(UC ലഭ്യമായിട്ടില്ല) |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 10296000/-രൂപ വരവുണ്ട്. മുൻബാക്കി 71280/-രൂപയടക്കം 10367280/- രൂപയിൽ 7810000രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| HUDCO വായ്പ | 6105/19/ ധന/1.8.19 | 23087280/- | 12791280/- | 1308824/- | | 21778456/- |

.

4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | ഇല്ല |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ഇല്ല |

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 32071/-.രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 3-9 | 12,357/- | വിഷ്ണു.ആർ, അസി.എഞ്ചിനീയർ | 119010100249/ 15.05.2019 |
| 2006-07 | 2-2(2) | 200/- | ബാലകൃഷ്ണപിള്ള | 119010100310/ 27.05.2019 |
| 2017-18 | 3-9 | 101,10/- | വിഷ്ണു.ആർ,അസി.എഞ്ചിനീയർ | 119010100377/ 28.05.2019 |
| 2017-18 | 3-9 | 4,493/- | വിഷ്ണു.ആർ,അസി.എഞ്ചിനീയർ | 119010100542/ 07.06.2019 |
| 2001-02 | 2-3 | 11/- | സെക്രട്ടറി | 1190100413/ 31.05.2019 |
| 2017-18 | 3-2 | 2,000/- | സനൽകുമാർ,ഡയറിഫാം ഇൻസ്ട്രക്ടർ | 119010101072/ 24.08.2019 |
| 2017-18 | 3-4 | 2,900/- | ബി.വിനയകുമാർ,സെക്രട്ടറി | 11901050007/ 05.07.2019 |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ്റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം

വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2010-11, 2011-12 | 3.11 | 2014-15 | 4-1-10 | വൃദ്ധസദനത്തിന് റിവോൾവിംഗ് ചെയർ | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്. |
| 2012-13 | 1.4 | 2014-15 | 4-1-06 | കൃഷിഭവൻ കെട്ടിടം പുനരുദ്ധാരണം | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്. |
| 2012-13 | 1.5 | 2014-15 | | മിനി സ്റ്റേഡിയം നിർമ്മാണം | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്. |
| 2016-2017 | 2-1, 2-2 | 2016-2017 | 2-1, 2-2 | തൊഴിൽ നികുതി | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്. |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 126375 | ശ്രീമതി.സുമീമോഹൻ, കൃഷിഓഫീസർ |
| 3-2 | | 7233 | ശ്രീ.ജ്യോതിരാജ്.എം, സെക്രട്ടറി, കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത് |
| 3-3 | | 6336 | ശ്രീ.ജ്യോതിരാജ്.എം, സെക്രട്ടറി, കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത് |
| 3-4 | | 12998 | ശ്രീ.വിഷ്ണു, അസി.എഞ്ചിനീയർ |
| 3-5 | | 3518 | ശ്രീ.വിഷ്ണു, അസി.എഞ്ചിനീയർ |
| 3-6 | | 7500 | ശ്രീ. ദീപു. വി.ഇ.ഒ |
| 3-7 | | 21366 | ശ്രീ.വിഷ്ണു, അസി.എഞ്ചിനീയർ |
| ആകെ | | 185326/- | |

ബി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 25000 | ശ്രീമതി ശോഭന അസി. സെക്രട്ടറി, കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത് |
| 1-16 | 55000 | ശ്രീ.ദീപു.എസ്,വി.ഇ.ഒ, കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത് |
| 1-17 | 146012 | ശ്രീ.ജ്യോതിരാജ്.എം,സെക്രട്ടറി ,കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത് |
| 1-19(3-7) | 45698 | ശ്രീ.വിഷ്ണു,അസി.എഞ്ചിനീയർ |
| 1-25 | 50000 | ഡോ.പ്രഭ.കെ.നമ്പൂതിരി, മെഡിക്കൽ ഓഫീസർ(അലോപ്പതി) |
| 1-28 | 29300 | ശ്രീ. ദീപു,വി.ഇ.ഒ, കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത് |
| | 351010/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-7.2 | 101000 |
| 1-7.3 | 5000 |
| | 106000 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ |
|---|
| 1-7.4 |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജ്യോതിരാജ്.എം,സെക്രട്ടറി, കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത് | സെക്രട്ടറി, വെട്ടിക്കവല ഗ്രാമപഞ്ചായത്ത് | സ്വം, മുഖത്തല(പി.ഒ), കൊല്ലം |
| ശ്രീമതി.സുമീമോഹൻ,കൃഷിഓഫീസർ | | സൂര്യനിവാസ്, കുഴിമതിക്കാട്(പി.ഒ),കൊല്ലം |
| ശ്രീ.വിഷ്ണു,അസി.എഞ്ചിനീയർ | | നന്ദനം,കൈമനം(പി.ഒ), തിരുവനന്തപുരം |
| ശ്രീ.ദീപു.റ്റി,വി.ഇ.ഒ, | | ശാന്തിനികേതൻ, കുന്നത്തൂർ(പി.ഒ),കൊല്ലം |
| ശ്രീമതി ശോഭന അസി. സെക്രട്ടറി, | | സുരേന്ദ്രഭവനം , മുതുപിലാക്കാട് പി.ഓ, ശാസ്താംകോട്ട |

<u>4-11 തീർപ്പാക്കാനവശേഷിക്കുന്നഓഡിറ്റ്റിപ്പോർട്ടുകളുടെ വിവരം</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 97-98 | കെ.എസ്.എ.-കെ.എൽ.എം./പി.4/436(1)/18 /28.2.18 | 8 |
| 98-99 | കെ.എസ്.എ.-കെ.എൽ.എം./പി.4/436(2)/18 /28.2.18 | 5 |
| 99-2000 | കെ.എസ്.എ.-കെ.എൽ.എം./പി.4/436(3)/18 /28.2.18 | 22 |
| 2000-01 | കെ.എസ്.എ.-കെ.എൽ.എം./പി.4/436(4)/18 /28.2.18 | 13 |
| 2001-02 | കെ.എസ്.എ.-കെ.എൽ.എം./പി.4/436(5)/18 /28.2.18 | 15 |
| 2002-03 | കെ.എസ്.എ.-കെ.എൽ.എം./പി.4/436(6)/18 /28.2.18 | 12 |
| 2003-04 | കെ.എസ്.എ.-കെ.എൽ.എം./പി.4/436(7)/18 /28.2.18 | 8 |
| 2004-05 | കെ.എസ്.എ.-കെ.എൽ.എം./പി.4/436(8)/18 /28.2.18 | 22 |
| 2005-06 | കെ.എസ്.എ.-കെ.എൽ.എം./പി.4/436(9)/18 /28.2.18 | 23 |
| 2006-07 | കെ.എസ്.എ.-കെ.എൽ.എം./പി.4/779(1)/19 /07.06.19 | 22 |
| 2007-08 | കെ.എസ്.എ.-കെ.എൽ.എം./പി.4/779(2)/19 /07.06.19 | 22 |
| 2008-09 | കെ.എസ്.എ.-കെ.എൽ.എം./പി.4/779(3)/19 /07.06.19 | 13 |
| 2009-10 | കെ.എസ്.എ.-കെ.എൽ.എം./പി.4/779(4)/19 /07.06.19 | 11 |
| 2010-11 & 2011-12 | കെ.എസ്.എ.-കെ.എൽ.എം./പി.4/779(5)/19 /07.06.19 | 12 |
| 2012-13 | കെ.എസ്.എ.-കെ.എൽ.എം./പി 1/2998/14 /17-03-2016 | 15 |
| 2013-14 & 2014-15 | കെ.എസ്.എ.-കെ.എൽ.എം./പി1/430/2016/09-05-17 | 30 |
| 2015-16 | കെ.എസ്.എ.-കെ.എൽ.എം./പി4/223/17 /23-12-2017 | 15 |
| 2016-17 | കെ.എസ്.എ.-കെ.എൽ.എം./പി 4/1446/17 /23.03.18 | 19 |
| 2017-18 | കെ.എസ്.എ.-കെ.എൽ.എം./പി 4/247/19 | 12 |
| 2018-19 | കെ.എസ്.എ.-കെ.എൽ.എം./പി 4/247/19 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.